# നിവാപാഞ്ജലി

ഗുരുശ്രേഷ്ഠനായ പുന്നശ്ശേരി ശ്രീനീലകണ്ഠശർമ്മയ്ക്ക് അദ്ദേഹത്തിന്റെ പ്രിയർ തങ്ങളുടെ കാവ്യസലിലംകൊണ്ട് ഉദകക്രിയ ചെയ്യുകയാണ് ഈ കൃതിയിലൂടെ. ഉള്ളൂർ, വള്ളത്തോൾ തുടങ്ങി മലയാളത്തിന്റെ യശസ്സുയർത്തിയ നിരവധി മഹാകവികൾ തങ്ങളുടെ രചനകളിലൂടെ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.എഴുപത്തിരണ്ടു പേജുള്ള ഈ പുസ്തകത്തിൽ എഴുപത്തിയാറു കവികളുടെ രചനകൾ ഉൾക്കൊണ്ടിട്ടുണ്ട്. തലക്കെട്ടുകളൊന്നും കൂടാതെയാണ് പദ്യങ്ങൾ അടുക്കിയിരിക്കുന്നത്.

മഹാകവി ഉള്ളൂരിന്റേതാണ് ആദ്യ പദ്യം. 'പുന്നശ്ശേരി ശ്രീനീലകണ്ഠശർമ്മാ' എന്ന നാമം പന്ത്രണ്ടക്ഷരങ്ങളുള്ള മഹാമന്ത്രമാണെന്നദ്ദേഹം സ്തുതിക്കുന്നു.

"ആ 'ദേവവാണി'—അമ്മേ! ഭാരതോർവ്വി! നി-
ന്നോമനക്കീർത്തിക്കതിർക്കറ്റയ്ക്കൊരൊറ്റത്തിങ്കൾ-
മൃത്യുപാശത്തിങ്കൽനിന്നാമൃകണ്ഡ്വപത്യത്തെ-
ക്കാത്തതീ നീലകണ്ഠൻ, ഭൂതിഭൂഷൻ, സർവജ്ഞൻ.

മൃതഭാഷയായി പരിണമിച്ചുകൊണ്ടിരുന്ന ദേവവാണിയായ സംസ്കൃതത്തെ മൃത്യുപാശത്തിൽനിന്നു മോചിപ്പിച്ച മൃത്യുഞ്ജയനാണ് ഗുരുനാഥൻ എന്ന് അദ്ദേഹം സ്മരിക്കുന്നു.ഭസ്മഭൂഷണനും നീലകണ്ഠാഖ്യനുമായ ഗുരുവിനെ പരമേശ്വരനോടുപമിക്കുന്നു ഉള്ളൂർ. ശങ്കരാചാര്യർക്കു ശേഷം ഏറ്റവുമധികം ശിഷ്യ സമ്പത്താർജ്ജിച്ച പുണ്യപുരുഷനായും സാന്ദീപിന്യാശ്രമത്തിൽ കൃഷ്ണനും കുചേലനുമെന്ന പോലെ സർവ്വർക്കും ഒരുപോലെ വിദ്യപകർന്നു നല്കിയ മഹാനുഭാവനായും അദ്ദേഹത്തെ സ്മരിക്കുന്ന ഉള്ളൂർ ദേവഭാഷാസൗധം തീർത്ത വിശ്വകർമ്മാവെന്നു വിശേഷിപ്പിച്ചാണ് പദ്യം അവസാനിപ്പിക്കുന്നത്.

തുടർന്നുള്ള പദ്യം മഹാകവി വള്ളത്തോളിന്റേതാണ്.പൂർണ്ണമായും സംസ്കൃതത്തിൽ രചിച്ച ഈ പദ്യത്തിൽ മൃതപ്രായയായ ദേവവാണിയെ

ദിവ്യൗഷധത്താൽ രക്ഷിച്ച ഗുരുവിന്റെ കീർത്തി ചിരകാലം അവശേഷി ക്കുമെന്ന് പറഞ്ഞ് കവി അദ്ദേഹത്തിന്റെ കാൽക്കൽ പ്രണാമമർപ്പിക്കുന്നു.

നാനാശാസ്ത്രങ്ങളാകുന്ന ജലനിധികളെക്കുടിച്ചുവറ്റിച്ച് വിദ്വാന്മാരുടെ അഹങ്കാരത്തെ തന്റെ പാണ്ഡിത്യംകൊണ്ട് ഇല്ലായ്മ ചെയ്ത, ഒരു നാടിനാക മാനം ആചാര്യസ്ഥാനമലങ്കരിച്ച ശ്രീനീലകണ്ഠശർമ്മാവിന്റെ വേർപാടിൽ ദു:ഖമറിയിക്കുന്നതാണ് വടക്കുംകൂർ രാജരാജവർമ്മയുടെ പദ്യം. കവിതി ലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി ഗുരുവിന്റെ മഹിമാതിശയത്തെ വാഴ്ത്തുകയും തുടർന്ന് അദ്ദേഹത്തിന് ആത്മശാന്തി നേരുകയും ചെയ്യുന്നു. പുന്നശ്ശേരിയുടെ ദേഹവിയോഗത്തെ ദേവന്മാരുടെ വിദ്വൽസദസ്സിലെ കുറവു പരിഹരിക്കാ നുള്ള കാരണമായി കണ്ടെത്തുന്നു ആർ.ഈശ്വരപിള്ള.

മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ പദ്യം മറ്റുള്ളവരുടേ തിൽനിന്നു ഭിന്നമാണ്. നാനാജാതിമതസ്ഥർ പങ്കെടുക്കുന്ന പൊതുസ്സദസ്സു കളിൽ ഹിന്ദുമതത്തിന്റെ വൈശിഷ്ട്യത്തെപ്പറ്റി വളരെയേറെപ്പറഞ്ഞിരുന്നു പുന്നശ്ശേരി. അന്യമതസ്ഥർക്ക് അല്പംപോലും പോറലേൽക്കാത്ത വിധമാ യിരുന്നു അദ്ദേഹത്തിന്റെ മതപ്രഭാഷണങ്ങൾ എന്നാണ് പുന്നശ്ശേരിയുടെ ജീവചരിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത് ചിലരിലെങ്കിലും ഉണ്ടാക്കിയിരുന്ന അസ്വസ്ഥതയുടെ വെളിപ്പെടലാണീ വരികൾ.

ഉറച്ച ഹിന്ദുവാകുമീ മനീഷിയെപ്പഴിക്കുവാൻ
കുറച്ചുദിച്ചു കാരണം ചിലർക്കു, ഞാനതല്പവും
മറച്ചിടുന്നതില്ല, തൻ മതത്തിലുള്ള നിഷ്ഠയാ-
പ്പറച്ചിലിൻ നിദാനമായിതേവരും നിനയ്ക്കണം.

ഒരുപക്ഷേ, തനിക്കുപോലും അസ്വസ്ഥത ഉണ്ടായിട്ടുണ്ടാകാവുന്ന അദ്ദേ ഹത്തിന്റെ മതനിഷ്ഠയെപ്പറ്റിയാണ് ചെറിയാൻ മാപ്പിള വാചാലനാകുന്നത്.

വൈദ്യശ്രേഷ്ഠനായ പുന്നശ്ശേരിയുടെ നൈപുണിയും ശാസ്ത്രജ്ഞാന വും തെളിഞ്ഞ ബുദ്ധിയും വിശാല മനസ്സും പൊതുജനപ്രീതിയുമൊക്കെ വെളിപ്പെടുത്തുന്ന പദ്യശകലങ്ങളാണ് ഈ കാവ്യത്തിലുൾപ്പെടുന്നത്. അദ്ദേഹത്തിന്റെ വിയോഗം നാട്ടിനു വന്നുചേർന്ന ആപത്തായും ചിലർ കാണുന്നു. അലിവാകുന്ന മരുന്നിനാൽ അസുഖത്തെ നീക്കുന്ന വൈദ്യശ്രേ ഷ്ഠനായും ജ്യോതിഷിയായും വാഗ്ദേവിയുടെ വിശ്വസ്തദാസനായും നമ്പിയെ കവികൾ വാഴ്ത്തുന്നു.വിദ്വൽ സദസ്സുകളിലെ വചോവിലാസത്തേയും മറക്കു ന്നില്ല. നാവിന്മേൽ സരസ്വതി വിളങ്ങുന്ന ശർമ്മാവിനു പകരക്കാരില്ലെന്നു ഒരാൾവിലപിക്കുമ്പോൾ മറ്റൊരാൾ ഇനിയൊരു സംശയനിവാരകനെ എവിടെക്കണ്ടെത്തുമെന്ന് ഉത്ക്കണ്ഠപ്പെടുന്നു. മഹാകവി ജി. ശങ്കരക്കുറുപ്പ് ഇങ്ങനെ കുറിക്കുന്നു.

'സാരസ്യം കലരും കലേ, മഹിതമാം

പൗരസ്ത്യ സംസ്കാരമേ,
സാരസ്നേഹമിയന്നൊരു ഗുരുവിനെ
ക്കാണില്ല കാണില്ലിനി!
ധീരം വാക്പ്രസരത്തിനാലപജയം
സംദൃപ്തവർഷാനിളാ-
പൂരത്തിന്നുമണച്ച പുണ്യവദനം
സൗമ്യം മുഴങ്ങില്ലിനി!

മൃതയെന്നു കരുതിയ സംസ്കൃതഭാഷയ്ക്കു നല്കിയ പുനരുജ്ജീവനം ഗുരുവിന്റെ മഹിമാതിരേകമായി കാണുന്നു ചിലർ.

മന്നിലെ മണിവിളക്കിന്നലെബ്ഭവാൻ, നാളെ
വിണ്ണിലെത്തെളിതാരമായെങ്ങൾക്കൊളി വീശും-

എന്ന് മന്നിലായാലും വിണ്ണിലായാലും കവി പകർന്നു തരുന്നത് വെളിച്ചത്തിന്റെ മാർഗ്ഗം തന്നെയെന്നുറപ്പിക്കുന്നു ശ്രീ. പള്ളത്തുരാമൻ. വാചസ്പതിക്കും ഗുരുവാകേണ്ട ഗുരുനാഥൻ ശിഷ്യസമ്പത്തിൽ ശങ്കരാചാര്യനെപ്പോലും അസൂയപ്പെടുത്തുന്നുവെന്നും കവികൾ എഴുതുന്നു.പുന്നശ്ശേരിയുടെ വിയോഗത്തെ സംസ്കൃത ഭാഷയുടെ വൈധവ്യമായും ചിലർ കാണുന്നു.

വൈദ്യൻ, ജ്യോതിഷി,വാഗ്മി,സംസ്കൃതഭാഷയുടെ പുനരുജ്ജീവകൻ എന്നീ നിലകളിൽ തന്റെ ജീവിതകാലത്ത് പുന്നശ്ശേരി എന്തൊക്കെ ആയിരുന്നോ അതൊക്കെത്തന്നെ തങ്ങളുടെ കവിതകളിലൂടെ വരച്ചിടുകയാണ് ഈ എഴുപത്തിയാറു കവികളും.അദ്ദേഹത്തിന്റെ വാസനാവൈഭവം കണ്ടറിഞ്ഞ തങ്ങളുടെ ജീവിതത്തിൽ അവർ ധന്യത കണ്ടെത്തുന്നു. ഒറ്റ ശ്ലോകം മുതൽ ഇരുപതില്പരം ശ്ലോകങ്ങൾ വരെയുള്ള കവിതകൾ നിവാപാഞ്ജലിയിൽ ഉൾപ്പെട്ടിട്ടുണ്ട്. കുളകം, വിശേഷകം,പാന, ചിത്രകാവ്യം എന്നീ പദ്യരചനാരീതികളും ഇതിൽ കാണാം. കേക, മഞ്ജരി തുടങ്ങിയ ഭാഷാവൃത്തങ്ങളും സംസ്കൃത വൃത്തങ്ങളും ഉപയോഗിച്ചിട്ടുള്ള സൃഷ്ടികൾ ഇക്കൂട്ടത്തിൽപ്പെടുന്നു.

മലയാളത്തിലെ പ്രശസ്തകവികളോട് താൻ ചരമ പദ്യങ്ങൾ അയച്ചുതരാൻ ആവശ്യപ്പെട്ടുവെന്ന് ആമുഖത്തിൽ പ്രസാധകൻ പറയുന്നു. ജ്യോതിഷികളും വൈദ്യന്മാരും അടങ്ങുന്ന ഈ എഴുപത്താറു പേരിൽ ഇന്നു നമ്മളറിയുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. ഈ കൃതിയിലെഴുതിയിട്ടുള്ള എഴുപത്തിയാറു കവികളിൽ രണ്ടു സ്ത്രീകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. നിവാപാഞ്ജലിയിൽ എഴുതിയിട്ടുള്ള ഓരോരുത്തരും സ്വജീവിതത്തെ ഏതെങ്കിലും വിധത്തിൽ അടയാളപ്പെടുത്തിയിട്ടുള്ളവരാണ്.ഈ പുസ്തകം ഇന്നു ലഭ്യമല്ല.ഈ ഗ്രന്ഥത്തിലെഴുതിയിട്ടുള്ള കവികളുടെ പട്ടിക പട്ടാമ്പി സംസ്കൃത കോളേജ് ലൈബ്രറിയിൽ അക്ഷരമാലാക്രമത്തിൽ എഴുതി

സൂക്ഷിച്ചിട്ടുണ്ട്.

ഒരു വ്യക്തി താൻ ജീവിച്ചിരുന്ന കാലത്തിന്റെ പ്രതിനിധിയാവുന്നതെങ്ങനെയെന്നും ചരിത്രമായി അടയാളപ്പെടുന്നതെങ്ങനെയെന്നും ഈ കൃതിയുടെ വായനയിലൂടെ വെളിപ്പെടുന്നു. നീലകണ്ഠശർമ്മ എന്ന മനുഷ്യൻ തന്റെ ജീവിതം കൊണ്ട് എന്തു സാധിച്ചുവോ അതിനെ വാക്കുകൾ കൊണ്ട് വരച്ചിടുകയാണ് നിവാപാഞ്ജലിയിൽ. ഇത്തരമൊരു കൃതി വീണ്ടും വെളിച്ചത്തേയ്ക്ക് കൊണ്ടു വരുമ്പോൾ അത് പൂന്നശ്ശേരി നീലകണ്ഠശർമ്മ എന്ന പണ്ഡിത കേസരിയുടെ ജീവിതത്തിന്റെയോ ജീവചരിത്രത്തിന്റെയോ കണ്ടെടുക്കൽ മാത്രമല്ല, മറിച്ച് വിസ്മരിക്കപ്പെട്ടുപോയ കുറേ എഴുത്തുകാരുടേയും അവരുടെ കാലത്തിന്റേയും വീണ്ടെടുക്കൽ കൂടിയാണ്. ആ കവികൾ സ്തുതിച്ചതു പോലെ

നമോസ്തുതേ, സദ്ഗുരുവര്യ, മേലിൽ
മജ്ജീവയാത്രയ്ക്കിരുളേറ്റിടുമ്പോൾ
തൃക്കാൽ നഖച്ചെങ്കതിർ നീളെ വീശി
കെടാവിളക്കായ് വഴികാട്ടിടട്ടേ! - തനുജ ജി.

# നിവാപാഞ്ജലി

മോഹമാം തമിസ്രത്തിൻ മൂലച്ഛേദലീലയ്ക്കായ്
ദേഹബന്ധം കൈക്കൊണ്ട ദിവ്യജ്യോതിസ്സൊന്നിനാൽ
'ഈഹാംബാപുരം' പൂതമെന്നതാം വാർത്താലാഭ-
മാഹാഭാഗ്യമേശാത്ത മർത്ത്യകർണ്ണമെങ്ങുള്ളൂ!
ആ 'പ്പൂന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ'വെ-
ന്നേർപ്പെട്ടതാകും ദ്വാദശാക്ഷരം മഹാമന്ത്രം
ഏതു ജിഹ്വാഗ്രത്താൽത്താൻ ജപ്യമായിടുന്നതി;-
ല്ലേതു ഹൃൽകോശത്തെത്താൻ വ്യാകോചമാക്കുന്നീല!
പ്രേഷ്ഠഭാരതാദർശപൂരുഷർക്കഗ്രേസരൻ;
നൈഷ്ഠികബ്രഹ്മചാരി; നാനാശാസ്ത്രമർമ്മജ്ഞൻ;-
വാക്കാലും വരിഷ്ഠമാം കർമ്മവൃത്തത്താലുമി-
ന്നാഗ്ഗാംഗേയനോടൊക്കുമാര്യനാമീയാചാര്യൻ.
ഏതനാദിയാം ത്രയീദേവിയാൾക്കണിപ്പൊൻപ-
ട്ടേതു വാല്മീകിവ്യാസപ്പൂങ്കുയിൽത്തേന്മാമരം;
ആ മഹാ 'ദേവവാണി'—അമ്മേ! ഭാരതോർവി! നി-
ന്നോമനക്കീർത്തിക്കതിർക്കറ്റത്തിങ്കൾ-
മൃത്യുപാശത്തിങ്കൽ നിന്നാമുകുണ്ഠപത്യത്തെ-

ക്കാത്തതീ നീലകണ്ഠൻ, ഭ്രൂഭ്രൂഷൻ,സർവ്വജ്ഞൻ.
പേർത്തും തദ്യശോഹർമ്മ്യസ്തൂപിയായ് ശോഭിപ്പാലേ
പ്രത്യഗ്രനാളാന്ദയാം പട്ടാമ്പി വിദ്യാലയം?
ആപ്പുണ്യ വാശേവതാ ക്ഷേത്രനൈവേദ്യാമൃത-
മാബ്രഹ്മമാപഞ്ചമമാസ്വാദ്യമഖിലർക്കും!
നൂനമിക്കർമ്മയോഗിയങ്ങിരുന്നനുഷ്ഠിക്കും
ജ്ഞാനവിശ്വജിദ്യാഗം സസർവർക്കമഭീഷ്ടദം!
ചിത്സാരൂപ്യമാർന്നോരെത്തീണ്ടുമോ ഭേദധ്വാന്തം?
ഇസ്സാന്ദീപനിക്കൊപ്പം കൃഷ്ണനും കുചേലനും!
എപ്പോളാരേതുമട്ടിലെന്തു താൻ പൃച്ഛിക്കില്യ-
മിപ്പിപ്പലാദോത്തരം സർവ്വസംശയച്ഛേദി.
ശങ്കരാചാര്യ സ്വാമിക്കിപ്പുറം ഛാത്രസ്വത്തിൽ
വൻകുബേരത്വം വാച്ച കേരളീയനാരന്യൻ?
അമ്പിലീയാദിശേഷൻ തൻ പ്രസംഗമാകുന്ന
തിരത്തള്ളലിൽക്കളിക്കാഞ്ഞാൽ
ധൂർത്തല്ല സോദര്യരേ! നിങ്ങൾക്കു ദൈവം നല്കും
ശ്രോതശഷ്കുലീവഞ്ചി ശുദ്ധമേ ശൂന്യാൽ ശൂന്യം!
ആ ബൃസ്മത്രിപുണ്ഡ്രാങ്കമാർന്നതാം നെറ്റിത്തട-
മാപ്രത്യാഗാത്മദ്ധ്യാനസ്മേരമാം വക്ത്രാംബുജം;
ആ രുദ്രാക്ഷകണ്ഠിയാൽ ശോഭിക്കും ഗളാന്തര,-
മാരും കൈയെടുത്തുപോമാര്യമാ മാ വിഗ്രഹം;
ഓരോന്നമോർക്കുന്ന ഞാനോർക്കവേ മാഞ്ഞീടുന്ന
വേരോടെൻമനം വിട്ടു പങ്കവും ചാഞ്ചല്യവും.
വെന്നാലും സുകർമ്മാവേ! നീലകണ്ഠശർമ്മാവേ!
വെന്നാലും ദേവഭാഷാസൗധവിശ്വകർമ്മാവേ!
വെന്നാലും ചിന്താമണി പുണ്യജന്മദാതാവേ!
വെന്നാലും സനാതനധർമ്മൈകസന്ത്രാതാവേ!

—മഹാകവി ഉള്ളൂർ

പ്രത്യുജ്ജീവയിതും ചിരാദിഹ മൃതപ്രാ
　　യാം ദൃസദ്ഭാരതീം
യദ്യത്നേന സമാഹൃതാ ഹനുമതേവാ-
　　ന്യേന ദിവ്യൗഷധിഃ
സോയം കീർത്ത്യവശേഷതാമഭജത
　　ശ്രീ നീലകണ്ഠോ വിഭു-
ർഭോഭോ മാണവകാശ്ച്യുതാ ബത!!
　　ഝടിത്യാചാര്യപാദാദ്വയാം

—മഹാകവി വള്ളത്തോൾ

ശ്രീനീലകണ്ഠോ വിബുധേന്ദ്രമാന്യോ
ജീർണ്ണാം തനും ഭ്രതമയീം വിഹായ
യശശ്ശരീരം സ്ഥിരമത്ര ലോകേ
സംസ്ഥാപ്യ ധീരോ ഹരിമാസസാദം
—ശബ്ദതിലകൻ അയ്യാശാസ്ത്രികൾ

1

ഗൈർവാണിക്കു പതക്കമായ് വിലസി നീ
'വിജ്ഞാന ചിന്താമണേ!'
പൂർവ്വാചാര്യ കുലത്തിനിന്ദുകല നീ
'സാരസ്വതോദ്യോതിനി'
സാർവ്വാത്മ്യം ശ്രുതി പോലെശാസ്ത്രനിരയിൽ
കാണിച്ച സൽപ്രജ്ഞ പൂ-ണ്ടാർവാണു കൃതകൃത്യനഗ്ഗുരുവരൻ
ദ്യോവിങ്കൽ നക്ഷത്രമായ്

2

ആ ജന്മബ്രഹ്മചര്യം, ദൃഢത നിജതപ-
ശ്ചര്യയ്യയിൽ, ശാസ്ത്ര ചർച്ചാ-
ഭ്രാജന്മാധുര്യവാഗ്ധോരണി സദസി, സദാ
സർവ്വലോകപ്രിയത്വം ;
നൈജം ശിഷ്യവ്രജത്തിൻ ശുഭഗതിയിലതി-
ശ്രദ്ധയേവം പവിത്രം
ഭ്രജന്മംകൊണ്ടു കാണിച്ചിതു നിജപരമോ-
ദ്ദേശമെൻദേശികേന്ദ്രൻ.

3

മാതാഃ!കേരളധാത്രി! യഃ സുവിദിതഃ
    സൽപുത്രഭാഗ്യോദയഃ
ശ്രീമച്ഛങ്കരപൂജ്യപാദമുഖവി-
    ദ്വത്തഭ്യ സ്ത്വയസഞ്ചിതഃ
സ പ്രത്യഗ്രമയൂഖഭാക് സമഭവൽ
    ശ്രീ 'നീലകണ്ഠ' ദ്വിജ-
ശ്രേഷ്ഠസ്യോദയതസ്തു യസ്യമഹതഃ
    കഷ്ടം സ ചാസ്തം ഗതഃ

4

കാത്യായിന്യാഃ സമരാധനനിഹിമതി
    ർന്നിത്യമീഹാംബികായാ
യോ യം ധീരം ദനേശ പ്രഭമിഹ വിദുഷാം
    സിംഹമാസേവ്യ ഭക്ത്യാ
യത്തേജാംസ്യാ വിരാസന്നപി കില ബഹു-
    ശാസ്ത്രാണിയൽ കണ്ഠഘോഷാഃ
സോയം സ്വർഗ്ഗം ശിവബ്രാഹ്മണമണിരഗമ-
    നീലകണ്ഠാഭിധാനഃ
    —കുട്ടമത്ത് കുഞ്ഞിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്

നാനാശാസ്ത്രങ്ങളാകും ജലനിധികൾ കുടി-
    ച്ചാകെ വറ്റിച്ചു, വിദ്വൽ-
പീനാഹങ്കാരവിന്ധ്യാചലമദഹരനായ്,
    ശാന്തഗംഭീരനായി.
ഈ നാട്ടുകാർക്കാകെ യാചാര്യകപദവി വഹി-
    ച്ചുള്ളൊരാ നമ്പി, സച്ചിൽ-
സ്ഥാനാർത്ഥിത്വം വഹിച്ചാ, നമരഭണിതിതൻ
    നൃത്തഹർമ്മ്യം തകർന്നു.

—വടക്കുംകൂർ രാജരാജവർമ്മ

ശ്രീ നീലകണ്ഠശർമ്മാഹോ വാരെന്ത്യേ താരകം സ്മരൻ.
ഹരിമാസേദിവാൻ സുസ്ഥോദ്യാം കവ്യാദ്യൈസ്സമാദൃതഃ
    —പണ്ഡിതരാജൻ - കെ.രാമപിഷാരടി

ഇദ്ധാത്രീവാസമയ്യോ! പണി പരിമനിമേ-
ലെന്നുറച്ചുന്നതാത്മാ
'ശുദ്ധാശുദ്ധാംഗജജ്ഞഷ്ടൻ' കലിമലരഹിതൻ
നീലകണ്ഠദ്വിജാഗ്ര്യൻ
അദ്ധാന്തേവാസികൾക്കുൾക്കനിവൊടു പര
മാശിസ്സു നൽകീട്ടു ശിഷ്ടൻ
ബദ്ധാമോദം വിധിജ്ഞൻ ഹരിപദമമലം
പൂകിനാൻ യോഗശാലി.

2

സൂരിമൌലിമണിയായൊരു പുന്ന-
ശ്ശേരി നമ്പി ധരണീതലവാസം
ഭൂരിദുഃഖകരമാമിനിയെന്നുൾ-
ത്താരിലോർത്തു ദിവി പോയതുതന്നെ.

3

ഭുവിൽ തദ്വിധനായൊരു
കോവിദനിനിമേൽ ഭവിക്കുവാൻ വിഷമം
ഈവിധി ഹന്ത! വിധിച്ചോ-
രാ വിധി പാരം കഠോര ഹൃദയൻ താൻ

4

നീലകണ്ഠദ്വിജൻ ധീമാൻ
കാലധർമ്മം ഗമിക്കയാൽ
മാലനല്പമഹോ! ധാത്രീ
പാലകർക്കു മദിച്ചു പോയ്

5

വന്നതാർക്കുമൊഴിക്കാവ-
ല്ലൊന്നർത്ഥിക്കാം നമുക്കിനി.
എന്നും ദൈവം തദീയാത്മാ
വന്നു നൽകട്ടെ സൽ സുഖം

—കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി

സുപ്രാതമിന്നിവന്, സജ്ജനപൂജ്യനാ മാ.
വിപ്രാഗ്രിമന്റെ വരവിഗ്രഹമോർക്കുവാനും
അപ്രാകൃതം ചരിതമല്പമുരയ്ക്കുവാനും
സപ്രഭാവം സമയമൊട്ടു ലഭിച്ചുവല്ലൊ.

2

കണ്ണീരൊഴുക്കുവതിനും,കദനക്രമങ്ങ-
ളെണ്ണീടുവാനുമിഹ സംഗതിയില്ലതന്നെ
കർണ്ണീസുതാദികളുമാർന്നിതു കാലധർമ്മം.
നിർണ്ണീതമാണു നിലവിട്ടൊരതിൻ വിലാസം.

3

സത്വപ്രധാനവിഷയോന്മുഖമായ് സ്വകീയ-
സത്വം വളർത്തി വിജയിച്ചെവനല്പതിപ്പൂ
തത്വം നിനയ്ക്കിലവനേ ജനതാഭിവന്ദ്യൻ-
തത്വം പദാർത്ഥപരമാർത്ഥ പരാർദ്ധ്യചര്യൻ.

4

സൂരിവ്രജേശ്വരതയാർന്നു പുകഴ്ന്ന 'പുന്ന-
ശ്ശേരി ' ദ്വിജൻദനുജ സൂദനഭക്തരാജൻ
പാരിച്ച ഭാരതപുരാണ മഹത്തരോക്ത-
ചരിത്രമാതൃക:—നമിയ്ക്കുവിനാ മഹസ്സിൽ

5

ഹേ കേരളീയഗുരുനാഥ! ഭവൽകുശാഗ്ര-
ധീ കേളിയാടിയവ വിദ്യകളൊക്കെയോർക്കിൽ
സ്തോകേതരം സ്ഥിരതരം തവ ലബ്ധമാ മാ-
രാകേന്ദുസുന്ദരയശസ്സിനതേ നിദാനം.

6

കാലന്തേരത്തിലൊരു പണ്ഡിതനായ് ഭവിയ്ക്ക
നാലാളൊടൊപ്പമെളുതാമെവനും ശ്രമത്താൽ
മേലാൽ പഠിപ്പിനു വയസ്സിരുപത്തിയഞ്ചു-
മേലാത്തൊരങ്ങയുടെ സന്നിധി പൂകകെന്നായ്

7

സ്വന്തം സുശിഷ്യരൊടു സൽസുധി പാച്ചുമൂത്ത-
തന്തം ഗമിയ്ക്കുമള വോതിയതോർത്തു കണ്ടാൽ.

 Volume 2 Issue 1

എന്തത്ഭുതം: _ വിവിധ വൈദുഷി യന്നുതന്നെ
ചന്തം ഭവാനധികമായരുളിക്കഴിഞ്ഞു.

8

ശ്രേയം: പരമ്പര പെറുന്ന 'മഹാമഹോ പാ-
ദ്ധ്യായ ' സ്ഥിതിയ്ക്കുപരിയായി തു നാം ഗണിപ്പൂ.
ആയത്തമാം പദമതിൻ പരമാനുരൂപ്യം
ഭൂയസ്തരാം സ്വചരമാവധി യങ്ങു കാട്ടി.

9

ബ്രഹ്മണ്യനങ്ങു ബഹു കർമ്മഠനാണു സാക്ഷാൽ-
ബ്രഹ്മന്റെ തുല്യതയെഴും ഗുരുവര്യനത്രെ.
ഇമ്മന്നിനെത്ര തപമാളുകിൽ മാത്രമുണ്ടാം
ബ്രഹ്മൻ! ഭവന്മഹിമയാർന്നൊരു പുത്രരത്നം.

10

പേരാളിടുന്ന " പെരിയാർ "ത്തടമൊന്നു, പിന്നെ
"പ്പേരാറു "തൻനികടഭൂവിവ രണ്ടുമൊപ്പം.
ആരാദ്ധ്യമായതുല 'ശങ്കര നീലകണ്ഠ'
സ്വരാജ്യഗാമികൾ ഗുരുക്കൾ നിമിത്തമാർക്കും.

11

കാലേയകാലകലുഷത്വ നിമിത്തമായി
മേലേ ജഗത്തിലു മുപപ്ലവമേല്പതാകിൽ.
ഹേ ലേശവും വിശയമെന്നിയെ മുന്നിൽനിന്നു
കാലേ ഭവാനതിനു മേകണമേ കലാശം.

12

വിദ്വച്ഛടാമുകുട കോടിയിലുല്ലസിക്കും
സദ്വന്ദനീയരമണീയമണേ! മഹാത്മൻ!
ത്വദ്വർണ്ണനം ത്വദുപമാനജനൈകസാദ്ധ്യം
മദ്വക്തൃതയ്ക്കിവിടെ മാപ്പരുളീടണം മേ.

—പണ്ഡിതൻ ഇ.വി രാമൻ നമ്പൂതിരി

സൂരിപ്രകാണ്ഡമണിയും ശുഭവാഗ്മി, പുന്ന-
ശ്ശേരി- പ്രണാമ-മിളതൻ ഗുരു, സുപ്രസിദ്ധൻ
ആരിക്കണക്കൊരു മഹാൻ- ഹ ഹ-പാർവെടിഞ്ഞി
താ,രിന്നിമേൽ ഗുരു നമുക്ക—ഹതാശർ നമ്മൾ.

—വള്ളത്തോൾ ഗോപാലമേനോൻ

ശാസ്ത്രജ്ഞാനത്തിനാലും പ്രശമദമതിതി
ക്ഷാദിസമ്പൂർത്തിയാലും
പാർത്തട്ടിൽ ദിവ്യനായോരൃഷിവര, നിതി
പേർ പൂണ്ടൊരപ്പുണ്യശീലൻ
അത്യന്തം ഭക്തരിശ്ശിഷ്യരെയഹഹ! വെ-
ടിഞ്ഞാശു വിണ്ണേറിയെന്നീ
വൃത്താന്തം ഹന്ത! വജ്രാഹതിയിലുമധികം
ദുസ്സഹം തന്നെ നൂനം.

2
അകലുഷമതി പുന്നശ്ശേരി നമ്പീതി മന്നിൽ
പുകളുടയ മഹാനാമസ്മദാചാര്യ വര്യൻ
സുകവിതിലകമയ്യോ! ഹാ! യശശ്ശേഷനായീ
പകലിരവിഹ നാമോ മാഴ്കമാറായി കഷ്ടം!

—കുറ്റിപ്പുറത്തു കിട്ടുണ്ണി നായർ

| | | | | | | | |
|---|---|---|---|---|---|---|---|
| | | | വാ | ശ്രീ | | | |
| | | രാ | ട്ടി | യ | സൽ | | |
| | ല്ലൊ | നീ | ക്കി | ക്കു | സം | ക്ക | |
| ന | മ്പി | നീ | ല | ക | ണ്ഠ | ശ | ർമ്മാ |
| | ക | യ്യോ | തി | മേ | ഭാ | യം | |
| | | അ | ഷാ | ജ | വം | | |
| | | | ഭാ | യ | | | |

—സി.എൻ.അനന്തരാമയ്യ ശാസ്ത്രി എം.എ.

പുണ്യശ്ലോകൻ വിനീതൻ സുരഗുരു സദൃശൻ
ശൈവവിപ്രാഗ്രഗണ്യൻ
പുന്നശ്ശേരീതി ഗേഹേ വിലസിന മതിമാൻ
നീലകണ്ഠാഭിധേയൻ.
വിണ്ണോർവിദ്വൽ സദസ്സിൽ കുറവു പരിഹ
രിച്ചീടുവാനിന്ദ്രവാചാ
തിണ്ണം ഭ്രവിട്ടുദാരൻ നിജപുരുയശസാ
പൂരിതാശേഷലോകൻ.

2

പുന്നശ്ശേരി മരിച്ചപ്പോൾ
തന്നെ നാലും നശിച്ചുപോൽ.
ചിന്തകൻ സംസ്കൃതാഭിജ്ഞൻ
ലോകമാന്യൻ തപോധനൻ.

—ആർ. ഈശ്വരപിള്ള ബി.എ.

പ്രജ്ഞാ യസ്യൈകകാന്താ ജഗതി ബഹുവിധൊ
ധർമ്മ ഏകഃകുമാരഃ
ശാസ്ത്രാണി ഭ്രാതൃവീരാ: നിജനിധിരമരാ
രാദ്ധ്യവാണീവിലാസഃ
ശ്രീപുന്നശ്ശേരിനമ്പീത്യുരുതരമഹിമാ
നീലകണ്ഠാര്യശർമ്മാ
നാകം പുണ്യം സമാനഃ സുരവരഗുരുണാ
പ്രാപ രാകേന്ദുകീർത്തിഃ

—ശാസ്ത്രി മണന്തല നീലകണ്ഠശർമ്മാ.

നേരിൽ ഗീർവ്വാണഭാഷാജലനിധിതരണം
ചെയ്തൊരസ്സൂരി പുന്ന-
ശ്ശേരി ശ്രീനീലകണ്ഠാഭിധവിലസിന സം
പൂജ്യനാം നമ്പിവര്യൻ
പാരിൽ ഗീർവ്വാണവാണി പ്രണയമിയലുമ
സ്സത്തമശ്രേണിതന്നുൾ
ത്താരിൽ താപാഗ്നി ചേർത്താ മൃതിയുടെ പിടി
യിൽപെട്ടു ഭ്രവിട്ടുപോയി.

2

പേരാർന്നോരീ വരിഷ്ഠൻ ബുധവര നിണയായ്
സംസ്കൃതത്തിൽ സമർത്ഥൻ
ധീരാത്മാവില്ലവേറേ പുകൾപെരുകിടുമി

ക്കേരളത്തിങ്കലെങ്ങും.
പോരാ ചാതുര്യമോടാരരുളിടുമിനിമേൽ
സംസ്കൃതത്തിൽ പ്രസംഗം
തീരാതുള്ളോരുനഷ്ടം വിരുതു വിലസിടും
കേരളീയർക്കുദിച്ചു.

3

ഉറച്ചഹിന്ദുവാകുമീ മനീഷിയെപ്പഴിക്കുവാൻ
കുറച്ചുദിച്ചകാരണം ചിലർക്കു, ഞാനതല്പവും.
മറച്ചീടുന്നതില്ല,തൻമതത്തിലുള്ള നിഷ്ഠയാ -
പ്പറച്ചിലിൻ നിദാനമായി തേവരും നിനക്കണം.
- മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള

യോ വാവാതരദത്ര സംസ്കൃതഗിരാം
പ്രോദ്ധാരണായ സ്വയം
യം വിദ്യാസ്സമഭ്രഷയന്നവികലം
യേനൈവ സർവ്വജ്ഞതാ .
സർവ്വത്ര പ്രകടീകൃതാ ഖലു ബുധാ
യസ്മൈ നമന്ത്യന്വഹം
യസ്മാദുൽഗളിതാ തനോതി വചസാം
ശുദ്ധിം ഹി വർണ്ണാവലിഃ

2

യസ്യൈവ പ്രിയശിഷ്യതാം വിദധതി
ശ്രീവാസുദേവാദയൊ
പ്യാരാദ്യേഷു വിരാജതേ വിശദവാക്
സാരസ്വതോദ്യോതിനീ -
യസ്മിന്നുത്തമയോഗിതാ വിജയതേ,
ശ്രീനീലകണ്ഠോ വിഭ്ര
സ്സോയം നേച്ഛതി ദൃശ്യ താം യദി ഭുവി
ക്ഷീണൊത്ര പുണ്യാപ്യയഃ
സാഹിത്യനിപുണൻ എം. കുഞ്ഞൻ വാരിയർ

കാലം പൊയ്പ്പോയിയെല്ലാം കലിമയമിവിടെ
പാർപ്പിനി പാതകം താൻ
നാലും ചേർന്നോന്നു താനായിതി മനസിവിചാ-
രിച്ചു വിശ്വപ്രസിദ്ധൻ.

ശീലം ചേരും വരിഷ്ഠൻ സുകൃതിനിധി മഹാൻ
നീലകണ്ഠാഭിധാനൻ
ചാലേ കാലാരിതന്നിൽ കരളലിവൊട്ടറ -
പ്പിച്ചു ദേഹം വെടിഞ്ഞു.
—നടുവത്ത് ശങ്കരൻ നമ്പൂതിരി

ഔന്നത്യം സമസൃഷ്ടികൾക്ക വരുമാ-
റെന്നും പ്രയതിക്കുവാൻ
സന്നദ്ധൻ "ഗുരുനാഥ"സംജ്ഞ ശരിയായ്
കൈക്കൊണ്ട കല്യാശയൻ.
പുന്നശ്ശേരിയിൽ നമ്പി, പുണ്യചരിതൻ,
ശ്രീനീലകണ്ഠാഭിധൻ
ഖിന്നത്വം സകലർക്കുമിന്നു കവിയും
മട്ടിൽക്കഥാശേഷനായ്.

2

ആ വിദ്യാധനമാർക്കുമാദരവിനോ-
ടർപ്പിച്ച തിപ്രീതനായ്
ഭുവിൽ ഗീഷ്പതിയായ് വിളങ്ങി വിജയി -
ച്ചോരാ വിശുദ്ധാംഗനിൽ
ശ്രീവിശ്വംഭര, നൽപ്രമോദമതിനാ-
ലുണ്ടായ്, സ്വപാദാംബുജം
സേവിക്കുന്നതിനാസ്സുധീന്ദ്രനെ വിളി -
ച്ചാനെന്നു തോന്നുന്നു മേ.

3

നാട്ടാപത്തിതു വന്ന, തിങ്ങനെ നിന-
ച്ചുഗ്രാർത്തിതെല്ലോളവും
കാട്ടാതാരുമൊതുങ്ങിവാണിടുകയി,
ല്ലെന്നാലുമെക്കാലവും.
ശ്രേഷ്ഠാചാരമിയന്നൊരാസ്സുകൃതിത-
ന്നാദർശ,മന്യാദൃശം
കൂട്ടായ്നിന്നഖിലർക്കു മഭ്യുദയ മു-
ണ്ടാക്കേണമിക്കേരളേ!
—കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്

ധന്യൻ, ജ്യോതിഷി, വൈദ്യവര്യനമലൻ
   വാശ്ദേവി വിശ്വസ്തയായ്
തന്നെ പ്രേമരസം കലർന്നു തഴുകും
   സൌഭാഗ്യവാൻ ഭാഗ്യവാൻ.
മന്നിൽ പൂർണ്ണയശോവിലാസമിയലും
   ശ്രീനീലകണ്ഠാഭിധൻ
പുന്നശ്ശേരി ശിവദ്വിജൻ ശിവശിവാ
   ചൊല്ലാവതല്ലപ്പുറം.

2

അലിവൊടൊരു മരുന്നാൽ " ശുദ്ധശുദ്ധാംഗദാർഢ്യം "
കലിതകുതുകമേകം വൈദ്യനിസ്സൂരിവര്യൻ.
കലിമലമിയലാത്താപ്പുണ്യലോകം പ്രവിഷ്ടൻ
വലിയ സുകൃതി കൈക്കൊള്ളേണമേ നിത്യസൌഖ്യം.
—പി.കെ.നാരായണൻ നമ്പീശൻ.

മന്നോർ മാനിതനാം മഹാകവി മഹാ
   വിദ്വാൻ മഹാവൈദ്യനാം
പുന്നശ്ശേരിയിൽ നമ്പി ശാസ്ത്രകുശലൻ
   ദൈവജ്ഞ ചൂഡാമണി.
മന്നിൽ കീർത്തിനിറഞ്ഞ വാഗ്മി മതിമാൻ
   ശ്രീനീലകണ്ഠാഹ്വയൻ
ധന്യശ്രീശിവവിപ്രമൌലി ധരയേ -
   ക്കൈവിട്ടു ദൈവേച്ഛയാൽ .

2

വീതായാസം വിശേഷാൽ വിബുധസഭകളേ -
   സ്സംസ്കൃതത്തിൽ പ്രസംഗം
ചെയ്താഹ്ലാദാർണ്ണവത്തിൻതിരകളിൽ വിഹരി -
   പ്പിച്ചോരിസ്സച്ചരിത്രൻ.
ധാതാവിൻ ധർമ്മപത്നിക്കഭിമതനധുന:
   നീലകണ്ഠാദിശർമ്മാ
ജേതാവായ് ദ്യോവിലെത്തീ സരസമകലിയാം
   ശുദ്ധമുദ്രാംഗഹൃദ്യൻ.

3

പുണ്യോപാഖ്യാനവർഷം ദുരിതഗജമഹാ
സിംഹമാസംഗപൂർവ്വം
സേവിച്ചീഹാപുരാര്യാചരണമനുദിനം
ധീരനാം കർമ്മയോഗി
സൌമ്യൻ സാരസ്വതോദ്യോതിനിയുടെ ജനകൻ
നീലകണ്ഠാഭിധാനൻ
ശർമ്മാധിക്യം വഹിക്കും സുകൃതി സുരുചിരം
തൽപദം പ്രാപ്തനായി.
—ചെങ്ങന്നൂർ എൻ. കൃഷ്ണൻ മൂത്തത് .

വാങ്മാതാവുണ്ടു ജിഹ്വാസ്ഥലമതിൽ നിയതം,
സർവ്വവേദങ്ങൾ നില്ക്ക-
ന്നാ മാന്യാസ്യത്തിൽ ലോകോന്നമനനിരത -
രാം ശിഷ്യരാം താപസന്മാർ.
പ്രേമാർദ്രം പുത്രഭാവത്തൊടു നികട തലേ
നാന്മുഖച്ചിഹ്നമെന്യെ
ബ്രഹ്മാവാം ശർമ്മ സംപുഷ്ടത സതതമെഴും
നീലകണ്ഠൻ നിരീഹൻ.

2

ഹാ ഹാ മഹാൻ ചരമജന്മമണഞ്ഞ_മായാ
മോഹാർണ്ണവക്കര കവിഞ്ഞ യതിപ്രശസ്തൻ.
ശിഷ്ടാഗ്രഗൻ വിജിതപാതക വിപ്രവര്യൻ
പട്ടാമ്പി തന്നുടെ വിശിഷ്ട ത, പെട്ടുപോയി.

3

ഒന്നാലും കവിയില്ല കാലമതിനെ
പ്പാരിങ്കലാരെങ്കിലും
പുന്നശ്ശേരി കവിഞ്ഞതില്ല കവിയാൻ
കാംക്ഷിയ്ക്കുമില്ലോർക്കണം.
ഉണ്മാനല്ല പിറന്നതെന്നു പലരും
കാണ്മാറു തൻ മാതൃഭൂ_
നന്മയ്ക്കായ് വിജയിക്കയെന്നതു, ബുധാ
ദർശം സമാകർഷകം.
—റാവുസാഹിബ്.ഒ.എം.ചെറിയാൻ.

പെട്ടെന്നാരോട്ടു ചോദിച്ചിനി വിവിധമെഴും
 സംശയം തീർക്കുമയ്യോ
കെട്ടല്ലോ ഹന്ത ശൈവദ്വിജരിൽ വിലസിതം
 വിശ്വവിഖ്യാതദീപം.
ഒട്ടല്ലാതാർത്തിചേർത്തി ജ്ജഗതിയിൽ വിബുധാ
 വസ്ഥയെ ചെയ്യതെന്തോ
ർത്തീട്ടദ്ദൈവേഛ സപ്തർഷിഭമിനി മകുടം
 ചാർത്തി മിന്നട്ടെയെന്നൊ.
—ജ്യോത്സ്യൻ പി.നാരായണ പിഷാരോടി.

'ശ്രീഹേലിഃ പുണ്യദോന്ത്യേ' കലിതസമുദയഃ
 കല്പതാമിത്യൂ ദീതഃ
പ്രീതഃ ശ്രീനീലകണ്ഠഃ സുജന കുലഗുരുർമ്മൽ_
 ഗുരുസ്സൽഗുണാഢ്യഃ
അജ്ഞാനധ്വാന്തവിധ്വംസനമനവരതം
 ശിഷ്യലോകസ്യ തന്വൻ
'ശുദ്ധോ മുദാംബുജാസ്യഃ' കലിമലരഹിതഃ
 പ്രത്യഗാൽ ബ്രഹ്മഭ്രയം.
2
നഷ്ടഃ സാലാതുരീയാഗമ! നിയതമസി
 ജ്യൗതിഷ ജ്യോതിരഗ്ര്യം
ഭ്രഷ്ടം തേ, ഭ്രാത രായുർന്നിഗമ! വിഗമിതോ
 സ്യായുഷഃ സ്ഥേയ സോപി
മാതർഗ്ഗൈർവ്വാണി! യാതാസ്യഥ ഖലു മൃതഭാ
 ഷാത്വമാധാരഭ്രതോ
യുഷ്മാകം നീലകണ്ഠോ ഗുരുരമരപദം
 പ്രാപദാർയ്യാവതംസഃ
3
സ്നിഗ്ദ്ധം യൽ സ്വജനേ സ്ഥിതം യദുദിതേ
 നഷ്ടേ ച യദ്വിസ്മൃതം
ക്ഷാന്തം യച്ച രിപാവപി പ്രതിപദം
 യൽ പ്രസ്ഥിതം സൽപഥേ.
സ്തുത്യേ യന്മുഖരായിതം സദസി യ_
 ന്നിന്ദ്യേ ച മൂകായിതം
നിത്യം സൽഗുരുണാ സുവ്യത്ത ഗുരുണാ
 തസ്മൈ സ്പൃഹാം കർമ്മഹേ.
—കെ. വി. എം

മുമ്പിൽ കാണുന്നതെല്ലാം പുരഹരതനുവെ-
    ന്നോർത്തു തൽപാദപത്മം
കുമ്പിട്ടും കൊണ്ടുകാലം നിഖിലമപി നിജം
    പോക്കി രുദ്രദ്വിജേന്ദ്രൻ
നമ്പിശ്രീ നീലകണ്ഠൻ പഴകിയ നിജമൈ
    വിട്ടു മുക്കണ്ണനുള്ളോ-
രമ്പിൻ മാഹാത്മ്യ വായ്പാൽ നിജ പദമധുനാ
    നേടി മോദിച്ചിടുന്നു.
—വാഴകുന്നത്തു വാസുദേവൻ നമ്പൂതിരി

ഏകാകീ ദ്യം ജിഗമിഷത മേ ദേശി_
    കസ്തന്ന യുക്തം
യാസ്യാമ്യ ന്വക്ഷ്വരിതമിതി മാം പ്രസ്ഥി
    തം വീക്ഷ്യ ദേവഃ
കർത്തവ്യം തേ ബഹുതര മിതോപ്യസ്തി
    ശിഷ്ടം വിശിഷ്ടം
തിഷ്ഠേത്യുക്ത്വാ പ്രഥിതഹരിണാധീശ്വ
    രോ മാം ന്യഷേധീൽ

2

ദൃഷ്ടിരിഷ്ടാ അപി ഗദാ
സ്തദാന്തർദധീരേ മമ
അപായാന്തരചിന്താ തു
തിരശ്ചക്രേ ഹൃദി വ്യഥാം

3

ജീർണ്ണം കളേബരം നവ്യം കൃത്വാസ്മദ് ഗുരുരൈഷമഃ
പുന്നാഗശ്രേണിനിലയേ പ്രാദാദു സ്താം സ്തനന്ധയഃ
—വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സത്

സാരസ്യം കലരും കലേ, മഹിതമാം
 പൗരസ്ത്യ സംസ്കാരമേ
സാരസ്നേഹമിയന്നൊരാ ഗുരുവിനെ
 ക്കാണില്ല കാണില്ലിനി
ധീരം വാക് പ്രസരത്തിനാലപജയം
 സദൃപ്ത വർഷാനിളാ_
പൂരത്തിന്നുമണച്ച പുണ്യവദനം
 സൗമ്യം മുഴങ്ങില്ലിനി
 - ജി.ശങ്കരക്കുറുപ്പ്.

ഹാ! ഞങ്ങളൊട്ടാകെയനാഥരായി,
ഗൈർവ്വാണി വീണ്ടും മൃതസംജ്ഞയായി,
കണ്ണീരിലിക്കേരളമാഴമാറായ്,
ഗുരോ, നിനയ്ക്കാത്ത ഭവദ്വിയോഗാൽ

2

ബാഹ്യേക്ഷണങ്ങൾ ക്കവിട്ടത്തെ മേനി
മറച്ചൊരെ ദുർവ്വിധി വെന്നിടട്ടേ
ഈ ഞങ്ങളങ്ങേ പ്പരിശുദ്ധരൂപ _
മുൾക്കണ്ണിനാൽ ക്കണ്ടു തെളിഞ്ഞുകൊള്ളാം.

3

അപാരപാണ്ഡിത്യ,മനന്യവിദ്വൽ _
സാമാനമാകും പ്രതിഭാവിശേഷം,
ദിനേദിനേ കൂടിടുമോർമ്മശക്തി _
ഇച്ചൊന്നതൊന്നിച്ചിനിയെങ്ങു കാണും?

4

കാര്യസ്ഥതയ്ക്കും കവിതക്കുമൊട്ടു
പൊരുത്തമില്ലെന്നു ശഠിച്ചിടുന്നോർ
വായിച്ചു നോക്കട്ടെ ഗുരോ, ഭവാന്റെ
ചരിത്രമാം നവ്യപുരാണരത്നം.

5

ഗംഗാപ്രവാഹത്തൊടെതിർത്തു യുഷ്മൽ
പ്രസംഗമാധ്വീരസമാസ്വദിക്കേ,
പട്ടാമ്പിയിൽ ക്കോൾമയിർകൊണ്ടിരുന്നു
കരിമ്പനത്തയ്യുകൾപോലുമൊപ്പം

6

അവിപ്ലുതം ശാന്തനവായതാഭം
ആ ബ്രഹ്മചര്യ വ്രതപൂർത്തിയാലെ
ഭീഷ്മംമഹസ്സാർന്ന ഭവാനെ ലോകം
ദേവവ്രതപ്പേരിലറിഞ്ഞുകൊള്ളും.

7

ആരെന്തു ചോദിക്കിലുമെങ്ങുവെച്ചെ_
ന്നില്ലാ, സ്മിതാർദ്രം മുഖഭാവമോടെ
എപ്പോഴുമങ്ങുന്നരുളീ, സമസ്ത _
ശങ്കാപരിഛേദ കരോത്തരങ്ങൾ.

8

മനീഷിമാർ ചൊൽവൂ ഗുരോ, ഭവാന്റെ
നിസ്സീമ മദ്ധ്യാപനപാടവത്താൽ
പട്ടാമ്പിയിൽ സംസ്കൃതമുച്ചരിപ്പൂ
പച്ചക്കിളിക്കുഞ്ഞുകൾ പോലുമെന്നായ്

9

കടുത്തവെയിലേറ്റൊരു കണ്ണുകൾക്കു
കർപ്പൂരധാരോൽത്സുക ചാരുമേഘം
കൊട്ടുംതമസ്സിൽ ശ്ശരിയായ മാർഗ്ഗം
കാണിച്ച സുസ്നേഹ മണിപ്രദീപം,

10

സൽബ്രഹ്മചര്യാഖ്യരസാലമേറി
വേദാന്തതത്ത്വത്തളിരാസ്വദിച്ച്
ലോകത്തിനെല്ലാമൊരുപോലെ മോക്ഷ-
ഗീതം പൊഴിച്ചൊരു പികപ്രകാണ്ഡം;

11

കാലാബ്ധിയിൽ ക്ഷ്ഷത മൂലമാണ്ടു
കിടന്നൊരാരാ സ്സംസ്കൃത മന്ദരത്തെ
തുരുമ്പു കേറാത്തൊരു കൊച്ചെഴുത്ത് -
കോൽത്തുമ്പിനാൽ പ്പൊക്കിയൊരാദികൂർമ്മം;

12

സദ്വൈദ്യശാസ്ത്രാബ്ധി കടഞ്ഞെടുത്ത
നിസ്തുല്യസഞ്ജീവനഭേഷജങ്ങൾ
'ചിന്താമണി' ച്ചെപ്പിലടക്കി നൽകാൻ
ജനിച്ച ധന്വന്തരിതൻ പ്രഭേദം;

13

വിണ്ണേറുമങ്ങയ്ക്കിയലുന്ന ശിഷ്യ-
സമ്പത്തുതൻ സീമയളന്നു നോക്കേ
അദ്വൈതിയാം ശങ്കരപാദരേയും
അസൂയ തൻ പാഴ്ച്ചിഴൽ തീണ്ടിയേക്കാം!

14

ഗുരോ, ഭവാൻ ശാന്തരസം തുളുമ്പും
തൃക്കണ്മുനത്തെല്ലു പതുക്കെനീട്ടി
വാത്സല്യമാ പ്പുഞ്ചിരിയിൽ പ്പകർത്തീ-
ട്ടേതേതു ശിഷ്യന്നുണർവേകിയില്ല?

15
'സൽ ബ്രഹ്മചര്യാഗ്നിയിൽ വാണു, പങ്കം
നീങ്ങിത്തനിത്തങ്ക മൊടൊത്ത മെയ്യിൽ
വിളങ്ങിടും സാത്ത്വികലക്ഷമി ളുകും
പൂപ്പുഞ്ചിരിയ്ക്കൊത്ത വിഭ്രുതിയാലെ,

16
നൽപ്പുണ്ഡരീകപ്രഭ ചേർന്ന മാറിൽ
ചെമ്പൂമ്പൊടിച്ചാർത്തളിമാലപോലെ
ഇടയ്ക്കു പൊൻപറ്റുകൾ ചേർന്നു കാന്തി
ചിന്നുന്ന രുദ്രാക്ഷപവിത്രമാല്യം.

17
അണിഞ്ഞു, പീഠത്തിലെഴുന്നൊരങ്ങേ -
മനോഹരോദാരവിശുദ്ധ രൂപം
മായുന്നതാണോ മരണം വരെയ്ക്കു-
മസ്മന്മനോഭിത്തികൾ തന്നിൽ നിന്നും?
(വിശേഷകം)

18
നിർവ്വിഘ്നമായ് ജൌതിഷശാസ്ത്രസാര -
നഭസ്സിലാബ്ദ്ധി വിമാനമേറി
ചരിച്ചു ഹാ, രാപ്പകലൊന്നു പോലെ
ഗോധാര വർഷിച്ച വിശുദ്ധതാരം;

19
യഥേഷ്ടമാർക്കും ബഹുശാസ്ത്ര തത്ത്വ-
രത്നങ്ങളർപ്പിച്ചൊരപൂർവ്വ സിന്ധു;
ശിഷ്യാളിയെപ്പൂന്തണലേകി നിത്യം
പോറ്റാനുയർന്നുള്ളൊരു പാരിജാതം;

20
'ഈഹാംബ'യാകും കുലദൈവതത്തിൻ
കാരുണ്യ പീയൂഷ സരസ്സിലെന്നും
ദുഷ്കാലമേഘാവലി കണ്ടിടാതെ
ചരിച്ചൊരാ സദ്വിജരാജഹംസം;

21
നിരർഗ്ഗളം നിർഗ്ഗളിത പ്രസംഗ-
പരമ്പരാസാരവിലാസവായ്പാൽ
ബുധാഗ്ര്യ സാമാജികപൂജ്യനാകും
വാചസ്പതി'ക്കും ഗുരുവായ ദൈവം! (കുളകം )

22
നമോസ്തുതേ, സദ്ഗുരുവര്യ, മേലിൽ
മജ്ജീവ യാത്രയ്ക്കിരുളേറ്റിടുമ്പോൾ
തൃക്കാൽനഖച്ചെങ്കതിർ നീളെ വീശി
കെടാവിളക്കായ് വഴി കാട്ടിടട്ടെ

—വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണ മേനോൻ

ജിതപണ്ഡിതമണ്ഡലൻനമ-
സ്കൃത പൂർവ്വർഷിഗണൻ ഗുണോത്തരൻ
ബത! കാലമഹാബ്ധി പൂകി ; സം-
സ്കൃതമേ, പാഴിരുൾ തീണ്ടിയങ്ങയെ

2
നിജഗോപ്രസരത്തിനാൽഭവ-
ദ്ദ്രുജനീക്കീടിനദേശികോത്തമൻ
സുജനാഗ്രണിയന്തരിച്ചുപോയ്:
ത്യജനീജീവിതമാർഷധർമ്മമെ!

3
ഗുരുവര്യ, ഭാവാനെയാശ്രയി-
ച്ചൊരുമിച്ചെന്നുമിരുന്നവിദ്യകൾ
പുരുതാപമുഴന്നിടുന്നു; വ-
ന്മരുവിൽപ്പെട്ടകിളിക്കിടങ്ങൾപോൽ

4
ഇരുളിൽപൊരുൾകണ്ടു ഭാരതം
പൊരുളിൻ കാന്തിവളർത്തി കേരളം
പെരുമാറി ഭവാൻ വിനിസ്പൃഹം
പുരുഭക്ത്യാദരമോട്ടുരണ്ടിലും

5
ഭവ കന്മഷമേറ്റിടാതെ വാക്-
ധവനങ്ങുന്നു നയിച്ച ജീവിതം
തവ ജീവിതചര്യയൊന്നു താൻ
നവമായുള്ളൊരുതത്വശാസ്ത്രമാം.

6
അവിടുന്നൊരമാനുഷൻ; ഭവൽ
ച്ഛവിയിൽ തൈജസകീടമാരുമെ

അവിതർക്കിതമാര്യ, പൂതമായ്
ഭുവി യങ്ങുന്ന പിറന്നദേശവും

7
തെളിയിച്ച ഭവാൻ വിശിഷ്ടമാ-
മൊളിളുകുന്നൊരു ദിവ്യദീപിക
വെളിവായി വിഭാതമന്നു കൈ-
രളിതൻ സുന്ദര സൂനവാടിയിൽ

8
യതിശകര, നാര്യനങ്ങുഹാ!
മതി;- മന്മാതൃധരിത്രി ധന്യയായ്
എതിരിട്ടിടുമേതിരുട്ടൊടും
ക്ഷതിയേലാതിവർ ദിവ്യദീപ്തിയാൽ.

-വിദ്വാൻഉള്ളാട്ടിൽഗോവിന്ദൻകുട്ടിനായർ

ഹതദൈവമിതാ ചതിച്ചി; തത്യാ-
ഹിതമെന്തൊന്നിനിയാപതിച്ചിടേണ്ടു?
ക്ഷതമിക്ഷിതിതന്റെ പൂർവ്വപുണ്യം;
ബത! സംസാരമസാരമായ് ചമഞ്ഞു:
2
വിനയാർജ്ജിതമാം പ്രഭൂതവിദ്യാ-
ധനസമ്പത്തി സദർത്ഥികൾക്കു നൽകാൻ
അനവദ്യ, മനർഘപുണ്യ, മദ്ധ്യാ-
പനയജ്ഞവ്രതമാർന്ന കർമ്മയോഗി,
3
മൃതയെന്നു ഗണിച്ചിരുന്നൊരാസ്സം-
സ്കൃത ഭാഷയ്ക്കിയലുന്ന ജാതകത്തെ
ചിതമായ് പിഴ തീർത്തുവെച്ച വിദ്വ-
ന്മതനാം ജ്യോതിഷതന്ത്രതത്ത്വവേദി,
4
പുരു കീർത്തി പുണർന്ന മാതൃകാസൽ-
പുരുഷൻ, ശാസ്ത്രമഹാബ്ധി കുംഭയോനി
നിരുപാധി ഗുണൈകസദ്മ, മസ്മൽ -
ഗുരുനാഥൻ പറയേണ്ടതെന്തു പിന്നെ

5
ഒരു സംസ്കൃതപണ്ഡിത പ്രവേകൻ,
പുരു വൈദഗ്ദ്ധ്യമെഴുന്നൊരാർയ്യ വൈദ്യൻ
ഒരു സൽഗണിതജ്ഞൻ - എന്തിനെല്ലാ
മൊരുമിച്ചേ കഥയായ് കഴിഞ്ഞിതല്ലോ!
6
കൃതകേതരഭാവമാമുഖാബ്ജം,
ധൃതരുദ്രാക്ഷപവിത്രമാസ്സു കണ്ഠം,
സിതഭസ്മവിലിപ്തമശ്ശരീരം,
ബത! സർവ്വം സ്മൃതിമാത്ര ലക്ഷ്യമായി
7
' ത്തുലയറ്റ തമസ്സകററുവാനീ-
യുലകത്തിങ്കലൊരുറ്റ ഭദ്രദീപം
നലമോട്ടു കൊളുത്തിവെച്ചു, പിന്നീ-
ടലമൂതീവിധി! എന്തിതിൻ രഹസ്യം
8
ഇരുപേരവതാരമേല്ക്കയാലീ -
യൊരുഭ്രഖണ്ഡമഖണ്ഡകീർത്തി നേടീ; --
ഗുരു ശങ്കരപൂജ്യപാദരൊന്നി; -
ഗുരുനാഥൻ പ്രഥിതപ്രഭാവനന്യൻ!
9
ഇനിയീദൃശരാം മഹാശയന്മാർ
ജനിയാർന്നീടുവതേതുകാലമാവോ;
കനിവീശ്വരനില്ല,' ഹന്ത! കർമ്മാ
വനി! നിൻമേന്മയകന്ന ശോച്യയായ് നീ
10
ധൃത" ഭൂതദയൻ", " തപസ്വി ", "സർവ്വ-
ജ്ഞത "യന്നുള്ളൊരു "നീലകണ്ഠ"നേയും
കിതവൻ യമനാക്രമിച്ചതാണ-
ത്ഭുത;മെന്തോ;കലികാലവൈപരിത്യം!
ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ

ശ്രീമൽഗീർവ്വാണവാണീ പ്രചരണനിപുണ-
സ്സർവ്വതന്ത്ര സ്വതന്ത്രഃ
സ്വീയാന്തേവാസിവൃന്ദസ്തുതപുരുമഹിമാ
വന്ദിര ബ്രന്മചാരീ.

ഈഹാംബാനിത്യഭക്തഃ പ്രഥിതഗുണഗണ-
ശ്ലാഘിതോ നീലകണ്ഠഃ
സ്വർയ്യാതഃ പുണ്യഭ്രമാ ഹ! ഹ! ഹതവിധിനം
വഞ്ചിതഃ പ്രാജ്ഞ ലോകഃ .
2
വിജ്ഞാനചിന്താമണിപത്രികാഭി-
രുജ്ജിവയൻ സംസ്കൃതഭക്ത ലോകം.
ഈഹാംബികാനുഗ്രഹമന്ദിരം യ-
ശ്ചകാരപീഠം സുമഹത്തു വാണ്യാഃ.
3
വിദ്വൽഭിരാര്യഃ ശ്രുതവൽ സുശിഷ്യൈ-
രുത്ഭാസിത സ്വാസ്യ മഹാമഹിമ്നഃ .
ശ്രീനിലകണ്ഠസ്യ വിയോഗ വാർത്ത
കസ്യാശ്രുപാതം ന കരോത്യഹോ ന .
4
പുന്നാഗശ്രേണിനാഥസ്യ
നിലകണ്ഠഗുരോരഹോ.
വിയോഗവാർത്താ നിയതം
വ്യഥയത്യാസ്തികാൻ ജനാൻ .
പി.പി ശർമ്മ – ശുചീന്ദ്രം

" ശുദ്ധാശുദ്ധാങ്ഗദൃഷ്യടാ " കലിതസുമഹി
തേഹാംബികാ പാദസേവാ -
മാഹാത്മ്യാന്മർത്താ ലോകേ പ്രസൃമരതര-
പുണ്യ പ്രഥഃ സദ് ഗുരുർന്നഃ
ഹന്ത സ്വഃ പ്രത്യയാസീൽ കില നിജഫണി -
തേഃ ഖ്യാപനയോപഹ്ന തോ
ദൈവൈഃ ശ്രീനിലകണ്ഠാഭിധ വിബുധവരഃ
സോശ്ലതാമാത്മശാന്തിം
വൈദ്യരത്നം. എൻ. വി. കൃഷ്ണവാരിയർ മതിരശ്ശേരി

പുന്നശ്ശേരി ശിവദ്വിജാഗ്രാനമലൻ
ശ്രീനീലകണ്ഠൻ മഹാ-
ധന്യൻ പണ്ഡിതമൌലി സംസ്കൃതമഹാ-
പാഠാലയത്തിൽ സ്വയം .
വൈദ്യം, ജ്യോതിഷമെന്നിവക്കെഴമനേ -
കാർത്ഥങ്ങളോ തുന്നവ-

ർക്കാദ്യൻ സ്വീയസമസ്തവസ്തുവുമുപേ
ക്ഷിച്ചേറി വിണ്ണോരിടം
-സാഹിത്യ ശിരോമണി - ഇ. വി. മാധവൻ നമ്പൂതിരി

സ്വർവാണീസ്നേഹോജ്ജ്വല നിർമ്മലമണിദിപം
നിർവാണ നിലയാർന്നു;കേരള മിരുളാണ്ടു!
വാല്മീമികിവ്യാസന്മാരുംകണ്വശങ്കരന്മാരും
വാനിലെത്താരങ്ങളായ, സ്ധയായ് വസുന്ധരഃ
ഇരുളില്ലഷികല്പൻ ,കാലമാം കടകോലാ-
ലൊരുമട്ടുന്മഥിച്ചുല്പന്നനായ് ' പുന്നശ്ശേരി '
ഭാരതഹൃദയമിങ്ങെത്ര നൂറ്റാണ്ടായേതു-
ഭാരതീ ശരീരത്തിൽ തുടങ്ങിതുടിക്കുവാൻ?
ആയതിൻ സിരാനിര ശൈഥില്യമേലാതിന്നും
ഭുഃയാജിവനസുധ പകരുംജൈവാതൃകൻ
ചരമാദ്രിയിൽ ചാഞ്ഞു മാഞ്ഞു പോയല്ലേ ചരാ -
ചരഗോചരമല്ലാ ദ്ദിവ്യഗോപ്രസരങ്ങൾ!
നിർജ്ജരസരസ്വതി നിർജ്ജരമാകുമങ്ങു
നിർജ്ജരനായ്ത്താൻ കാല സിന്ധുവിൽ നിലീനനായ്
നിളതൻതളകിലുങ്ങീടുന്ന നൃത്തമൊത്തു
കളഗൈർവ്വാണി വെയ്ക്കും പദവിന്യാസം നോക്കി
സാരസ്വതോദ്യോ തി നീശാലതൻ ശാന്തരമ്യ-
ദ്വാരത്തിൽ സ്ഥിതി ചെയ്ത ദേശികൻ ദിവംഗതൻ !
അങ്ങതൻ വിദ്യാലയ വാർദ്ധിയിൽ വിളഞ്ഞതു
മങ്ങാത്തതുമുത്തുകൾ, കക്കത്തൊണ്ടുകളല്ല;
ആയവ വരാകിയാം കൈരളിയ്ക്കണിമാല്യ -
മായതമാരചിപ്പാ ന്ന തകന്നവയത്രെ .
സാന്ധ്യാധൂസരകാന്തി ചിന്തിനവിന്ധ്യൻ പോലെ
സ്സാന്ദ്രമാം കാശ്മീര ക കംബളം പുതച്ചേതാൾ
പ്രകൃത്യാ ഗാഭീരനാണെങ്കിലും വിനീതനായ്
സുകൃത്യം കുലുങ്ങാതെ സ്വൈരമാചരിച്ചിതോ!
ആത്തീർത്ഥപാദങ്ങളാണാർഷമാമാദർശത്തിൻ
ന്നതമാമവതാരം; ധന്യയായ് ധർമ്മഃക്ഷാണി.
മന്നിലെ മണിവിളക്കിന്നലെബ്ഭവൻ ,നാളെ
വിണ്ണിലെ ത്തെളിതാരമായെങ്ങൾക്കൊളി വീശും
- മഹാകവി പള്ളത്ത് രാമൻ

ധർമ്മേ സ്ഥിതഃ കേരളമദ്ധ്യഭാഗേ
സംസ്ഥാപ്യ ലോകോപകൃഃ തരുദാരഃ
വിദ്യാനിധിഃ സംസ്കൃത പാഠശാലാം
ശിഃഷ്യേഷു വിദ്യാം വ്യതരച്ചിരം യഃ
2
സദ്ഭിസ്തഥാ ബന്ധുഭിരാദൃതാജ്ഞോ
മഹീപതിഭ്യോപചിതിം ചലബ്ധ്വം
ശിഷ്യൗഘതുഷ്ടിംപരീവീക്ഷ്യ തുഷ്ടോ
നിനായ യോ ജീവിതകാലമേവം
3
സ വിപ്രോ നീലകണ്ഠാഖ്യോ
യശസ്സം സ്ഥാപ്യ നിർമ്മലം
കേരളേ ഭാരതേ ചേശം
സ്മരന്നന്തേ ദിവം ഗതഃ
വി.കെ .നാരായണ ഭട്ടതിരി

തീർന്നല്ലൊ ശാബ്ദവിദ്യേ! തവ ഭൂഗജദശോ
കാല, മങ്ങയ്ക്കകത്താ
രിന്നെന്നും വിട്ടുമാറാത്തൊരു കദനനഭരം
വൈദ്യമേ! വന്നണഞ്ഞു
മാന്യേ!ഗീർവ്വാണഭാഷേ! ഭവതി വിധവയായ്
ജ്യോത്സ്യമെ! നീ വലഞ്ഞു
നിങ്ങൾക്കാധാരമാമാൺവടിവിയലിനവാ-
ശേവി വിണ്ണേറിയല്ലൊ'
-വിദ്യാൻ പി. കെ രാമൻ നമ്പ്യാർ

പ്രാപിച്ചു ദേവലോകം സുരഗുരുവിനോടാ
തിഥ്യമംഗീകരിച്ചു
ഹാ " പുന്നശേരി നമ്പി ''ക്ഷിതിവി ബുധശിരോ
രത്നമാബ്രഹ്മചാരി,
സാ പത്യം പൂണ്ട ഗൈർവാണിയുമിളയവളാം
കൈരളിദേവിയും സ-
ന്താപത്തിൽ പെട്ടുകേഴുന്നിതു ബത!ഗുരുവി
ത്തോതിലാഢ്യൻ ഗൃഹസ്ഥൻ
2
ശാസ്ത്രാർത്ഥപാരഗമഹാമതി " നീലകണ്ഠ-

ശർമ്മ ഭിവന്ദ്യ ഗുരുന്തനമൊരദ്വീതീയൻ
ശാന്താത്മകന്റെ പരിപാവന പാദപത്മ-
സന്ദർശനാൻ പമനിർവൃതി മാഞ്ഞുകഷ്ടം!
-കനകത്ത് പത്മനാഭമേനോൻ

ദശാധികശതേവർഷേ സിംഹേ മാസ്യസിതേ ദിനേ
ഏകോനത്രിംശദിവസേ നീലകണ്ഠ ശിവ ദ്വിജഃ
2
ശിഷ്യാൻ സംസ്ഥാപ്യ സർവ്വത്ര സാരസ്വത വിവൃദ്ധയേ
സോമേശ്വരസ്യ കൃപയാ തൽ പദം പ്രാവിശൽ ഗുരുഃ
-കിഴക്കെ പുല്ലത്ത് ശങ്ക രൻ മൂസ്സത്

ഉന്നിദ്രം നിജ ജീവിതം മുഴവനും
ഗീർവ്വാണ വാണിക്കുമ-
ന്നന്നാശിഷ്യഗണത്തിനും വിതരണം
ചെയ്തുള്ള പുണ്യാശയൻ
പുന്നശേരിയിൽ നമ്പിയെന്നതിരുനാ
മത്തിൽ കരം കുപ്പവോ -
ർക്കിന്നികേരളമേദിനിക്കുപൊഴിയും
കണ്ണീരുതോരാത്തതാം
2
സീമാതീതമഹത്വമാർന്നാ വിലസ -
ത്സാഹിത്യ സൂനോർവ്വിയിൽ
സാമോദം കളിയാടിടുന്ന വിബുധ്
ന്മാരാം ചകോരങ്ങളെ !
ത്തുമന്ദസ്മിതമാണ്ട പൗർണ്ണിമ നശി-
ച്ചല്ലോ! നമുക്കെന്നു മീ-
ഭീമാകാരതമസ്സറഞ്ഞ നിശതാനാലം-
ബമായ്ത്തീർന്നു പോയ്
തളിപറമ്പുകൃഷ്ണവാരിയർ

ഗൈർവ്വാണ്യസ്കമഗാദ്വിലാസസുഭഗാ
വാണീമനോഹാരിണി,
വൈദൂഷ്യം ഭ്രവിനഷ്ടമദ്യാവിലയ
യാതാവിശിഷ്ടാ ഗുണാഃ
സ്വ്'ര്യാതെ പുരുപുണ്യ ഭാജീ മഹനീഷ്ഠ
യാഗൈപ്യമഹാ പണ്ഡിതെ
ഹാ ഹാ കഷ്ടമി ഹാഭവൽ ബഹുമുഖം

ശ്രീ നീലകണ്ഠ ഗുരൌ
2
യശ്ശാസ്ത്രാംബുധികുംഭയോനിരമല
സ്വാന്തഃ കൃപാലുസ്സ്വയം
ലോകാജ്ഞാനമപാകരിഷ്ണുരസൃജൽ
"സാരസ്വതോ ദ്യോതിനീം "
ഗൈർവ്വാണീ പ്രിയ വല്ലഭസ്സയശസാ
സർവ്വത്ര പൂർണ്ണോർനിജം
പിണ്ഡം ഭൌതികമത്യ ജത്സ,മഹതാം
കിം നശ്വരേഷ്വാദരഃ
-വൈദ്യൻ പി വാസുദേവൻ നമ്പീശൻ: തൃ ശിവപേരുർ

കായം പോക്കും കാലകന്യാഗമത്തെ
ക്കാലേക്കുട്ടിക്കണ്ടൊരെൻ ദേശികേന്ദ്രൻ
കാലം ചെന്നാൽ പോലുമേതും വരാത്താ
നാകം പൂക്കാൻ സിംഹ ധീരൻ മഹാത്മാ
2
ശ്രീനിലകണ്ഠൻ ഗുരുനാഥനെന്നൊ
ശ്രീനീലകണ്ഠൻ തിരുമേനി ചേർന്നു
അന്നേരമത്യൃത്ഭുതമൊന്നുവന്നു
സർവ്വത്ര കാണുന്നിതു നീലകണ്ഠം
-പണ്ഡിത സി.കെ.വാസുദേവ ശർമ്മം

ശുദ്ധാശുദ്ധം ഗൃഹേഢ്യം കലികയറി ഹനി
ക്കാതെ ശാസ്ത്രിയമാകും
സിദ്ധാന്തം വ്യക്തമാക്കി സഭകളിൽ വിജയം
നേടിടും സർവ്വമാന്യൻ
രുദ്ധാനേ കാർത്തി വാചസപ്തിയുടെ ഗുരുവാം
നീലകണ്ഠ ദ്വിജേന്ദ്രൻ
വൃദ്ധാലങ്കാര ഹീ രം വിബുധനഗിരിയിൽ പോയി
വിശ്വേശ ഭക്തൻ
-എൻ.കെ.എം

ശുദ്ധാ മേധാ ബഹിസ്സ്യാദി തി കലിപരി-
ണാമേ ബലാദേധമാനേ
കർത്തും സ്വം കർമ്മശുദ്ധം ഹരിഹരവിധി
പൂർവ്വാമരാണാം സമക്ഷം

ജപ്ത്വാ നാമ്നാം സഹസ്രം തദനുപു-
രുഷസൂക്തം ക്രമാദ്ധേനുദാനം
കൃത്വാ ശ്രീനീലകണ്ഠോ ഗുരുരഗമദ
ഹോ പുണ്യവാൻ നാകലോകം

2

പുന്നാഗശ്രേണിവാസം മതി വരുവിരവിൽ
സുസ്ഥമായ് ജീവിതം തെ-
യെന്നാരാദ്ദേവവാക്യംപരിചൊടു സഫലം
കർത്തുമാത്താദരേണ
ഛിന്ന ശ്വാസാദിഭേദ പ്രകൃതികളഖിലം
ശിഷ്യരേയും പഠിപ്പി-
ച്ചൊന്നായ് ബ്രഹ്മാർപ്പണം ചെയ്തഴകൊട
മരരാജ്യത്തിലെത്തിസ്സുഖിച്ചാൻ
-ജ്യോത്സ്യൻ തയ്ക്കാട്ടു ഗോവിന്ദമേനോൻ

കഷ്ടാൽ കഷ്ടമിതേ ഹിനോ ഹതവിധേഃ
കോളംബവർഷെ ഹരെ-
ർമ്മാസേ തുനദിനദ്വയേ ഭഗവതോ
മന്ദസ്യവാരേ ഹ്യഹോ
ഈഹാം ബാകരുണാകടാക്ഷ ജയിനഃ
ശ്രീ നീലകണ്ഠാ ഹ്വയാഃ
സ്വർയ്യാതാഃ വയമേവ തദ്വിരഹിതാഃ
സീദാമ കുരയാമ കിം -
-പി. നീലകണ്ഠശർമ്മം

കാളിദാസ കവിതക്കെഴുന്നൊര-
ക്കാമ നീയകമെടുത്തു കാട്ടുവാൻ
ഭുവിലേക്കു കവി മാതയച്ചൊര
സ്സൂരിവര്യനിവിടം വെടിഞ്ഞു പോയ്
2

ശാസ്ത്രപക്ഷിഗണവാസ പാദപം
കാലവഹ്നിയില ഹോ കരിഞ്ഞുപോയ്
ചാരുനിർമ്മലവചസ്സുധാർണ്ണവം
കാലവേനലിലഹോ വരണ്ടുപോയ്
3
ദേവവാണി മൃതഭാഷയാണിതെ-
ന്നേവമുള്ളപഴിയിങ്ങൊഴിച്ചൊരാൾ

ശൈവവിപ്രനമലൻ തപസ്വിയാം
നീലകണ്ഠഗുരു നാകമേറിനാൻ.
-കെ.കൃഷ്ണവാരിയർ

ശിവദ്വിജശിഖാമണേ! വിബുധശിഷ്യ കോടീനമൽ
പവിത്ര സുചരിത്ര! വൈദികവിധാനധന്യാശയ!
ഭവോരഗവിഷ പ്രണാശനഭിഷഗ്വരേണ്യാനിശം
ഭവന്തമമരാലയം ഗതമരം വിഷീദിമഹേ
2
ശിവമാർഗ്ഗവിരോധി ഹാ! യമൻ
ഭവദീയാമലനാമദുസ്സഹൻ
അവിവേകി, മഹജ്ജനാവലീ-
ഹവനാഗാര വിഹാരദീക്ഷിതൻ.
-കെ.നാരായണൻ മൂസ്സത് തളിപ്പറമ്പ്.

ചേലൊത്തുള്ളോരു വിദ്യേശ്വരിയുടെ വരനാം
നീലകണ്ഠാഖ്യപൂണ്ടോ
നീ ലോകത്തിൽ പുകൾപ്പെട്ടൊരു വിബുധലസ
ന്മൌലി മാണിക്യരത്നം.
മാലോകർക്കുള്ള മുത്തിഗ്ഗുണനിധിയധുനാ
വിണ്ടലം പുക്കതോർത്താൽ
നാലൊന്നേ നിന്റെ നിർഭാഗ്യതയുടെ നിതരാം
സൂചകം താനിതെല്ലൊ.
2

ശ്രീമാൻ വാചസ്പതിയ്ക്കും ഗുരു സകലകവി
സ്തുത്യനാകും മഹാത്മാ-
വീമാനൻ ദേവഭാഷാ വനിതയിലമിതാ
സക്തനൽകൃഷ്ട കീർത്തി.
പ്രേമാധിക്യത്തൊടിന്ദ്രൻ നിജ മഹിമയറി
ഞ്ഞാദരാൽ താൻക്ഷണിയ്ക്കെ
സീമാതീതപ്രമോദത്തൊടു സുരസഭയിൽ
പുക്കതാം ശക്രവന്ദ്യൻ.
3
രുദ്രാനേകാഭിധാനം യമനുഭയമണയ്ക്കും
മഹാഘോരമന്ത്രം
രുദ്രാക്ഷസ്രഗ്ദ്ധരാരാധിതവിബുധവരൻ
നീലകണ്ഠാഖ്യനാംതാൻ
രൌദ്രാടോപങ്ങൾ കൂടും യമനുടെകഠിന

ക്കൈകെളുണ്ടോ ഫലിപ്പൂ
ഭദ്രാധിക്യംകലർന്നീടിന
സുരമലർവാടിയ്ക്കകം കേളിചെയ് വൂ
- പി.എം.കൃഷ്ണമാരാർ-സംസ്കൃതപണ്ഡിതൻ.

(പാന)
സ്വപ്രഭാവം പരത്തിവിഖ്യാതിയേ
ക്ഷിപ്രമാർജ്ജിച്ച പണ്ഡിതാഗ്രേസരൻ
നാകലോകം ഗമിച്ചവേർപാടിനാൽ
ലോകമാഴുന്ന ശോക വാരാശിയിൽ
കേരളീയരിൽ സംസ്കാരമേകുവാൻ
പാരമുത്സുകനായിട്ടനാരതം
ജിവാനാന്തം വരെ പ്രയത്നിച്ചൊരാ
ഭൂവരഗുരു നാമാവശേഷനായ്.
ഏവമമ്മഹാത്മാവേജ്ജനിപ്പിച്ച
ദേവലോകവും സംസ്കൃതമാക്കുവാൻ
ആശതന്നുള്ളിലില്ലെങ്കിലെന്തിനായ്
ഈശനിപ്പോൾ വിളിച്ചങ്ങുകൊണ്ടു പോയ് ?
നല്ല വരിജ്ജഗത്തിങ്കലെന്നു മേ
ഉല്ലസിക്കാൻ വിടുന്നില്ല ദുർവിധി
എന്തുചെയ്യാം ? പ്രപഞ്ചക്കളത്തിൽ നാം
പന്തുപൊലെയുരുളുന്ന ജീവികൾ
താണുപോകുമുയർന്നുവരും പിന്നെ
വിണുപോകും മരണകുപത്തിങ്കൽ
ലോകരേ നാം വിലപിക്കുവയ്യിനി
ശോകബാഷ്പം സ്രവിപ്പിക്കയോ വൃഥാ?
മുക്തിയമ്മഹാത്മാവിന്നു കിട്ടുവാൻ
ഭക്തിയോടുനാം പ്രാർത്ഥിക്ക നിത്യവും
- എടമന ദിവാകരൻ പോറ്റി ; പുത്തൻപിറ .

ഗൈർവ്വാണീം, പ്രചുരപ്രചാര വിഭവാം
ശ്ലാഘ്യാഞ്ച, ചിന്താമണീം
ശുദ്ധാം, കാവ്യസുധാം, ബുധൈരുപനതം
വാചസ്പതിം, ഭൂതലെ
ദൃഷ്ട്വാസൌ, ശിവഭൂസുരസ്സുരപുരീ-
മാഹാത്മ്യമുന്നേലയേ-
ദിത്യേവം, ധൃതഭീശ്ശതക്രതുരദാ-
ദർദ്ധാസനം, മൽഗുരോഃ.

-ടി.എൻ.കൃഷ്ണൻ മൂസ്സത് ; ചേന്ദമംഗലം.

ജ്യോതിശ്ചക്രത്തെ ശാസ്ത്രപ്പടി മുഴുവനറിഞ്ഞെ-
ങ്കിലും കണ്ടറിഞ്ഞുൾ
പ്രതീപ്പെട്ടീടുവാനുള്ളഭിരുചിയൊടുതാൻ
ഭൂതലം വിട്ടിദാനിം
ദ്യോതിച്ചീടുന്ന ഭാസ്വൽ പ്രമുഖപദമണഞ്ഞാ-
സ്ഥയാ തൽകൃതോദാ
മാതിത്ഥ്യം സ്വീകരിച്ചു സുകൃതിജനകുലോ
ത്തംസമാത്താനുമോദം.

-കൊടക്കാട്ട് ശങ്കുണ്ണി നമ്പീശൻ.

നാലൊന്നായില്ല മൂന്നുണ്ടതിനു ദിനമതിൻ
മുമ്പു ചിങ്ങത്തിലാരെ
കാലൻ കൈവെച്ചു മേലാൽ ഗതിയെവിടെ? നിരാ
ധാരായായ് ദേവഭാഷ
നാലേ മുക്കാൽ മണിക്കാ ഗുരുവരനമലൻ
നീലാകണ്ഠാഭിധാനൻ
ഭൂലോകം വിട്ടു കാലാന്തകനുടെ പദതാ
രിങ്കലെത്തിക്കഴിഞ്ഞു.

-അച്ചുതത്ത് വാസുദേവൻ മൂസ്സത്.

ആരസ്സംസ്കൃതവാണിയാൾക്കൊരു പുന-
ർജ്ജന്മം കൊടുത്താദ്യമാ-
യാരിന്നാടൊരു നാകാമാക്കി ബുധസം-
സത്തിന്നമന്ദാഭയാൽ,
ആരിസ്സാധുജനോപകാരമതിനായ്
മാത്രം ജനസ്സേന്തി,യ-
ഗ്ഗൗരീകാരുണിയായ യോഗികൾ മറ-
ഞ്ഞയ്യോ; മഹാശാന്തിയിൽ.

2

വിണ്ണേറുന്നു ഗുരൂത്തമൻ, ധര, സുരൌ
ഘത്തിന്റെ യത്യൽക്കട-
ക്കണ്ണീരാ മുരുമാരിയിങ്കൽ മുഴുകി
ക്കേഴുന്നു നിസ്സംശയം.
മണ്ണിൻപൊന്മണി ദീപമങ്ങു വിരമി

ച്ചെന്നോർത്ത ഖേദാശ്രുവോ?
തിണ്ണം വൻമഴ, യങ്ങുദേവനെഴുനെ
ള്ളീടുന്ന മോദാശ്രുവോ?

3

ഭസ്മശ്രീഘനമാം ത്രിപുണ്ഡ്രകലലാ-
ടം, പട്ടണിത്തോൾ, പരം
സുസ്മേരാഞ്ചിതമാം മുഖാബ്ജ , മുപവീ-
തസ്വച്ഛദേഹം, വിഭോ!.
രുദ്രാക്ഷാശ്രിതകണ്ഠദേശമിവ പൂ-
ണ്ടെത്തും ഗുരുപാഖ്യമാ-
മസ്മൽ ദൈവതമാ പ്രസംഗമധുതൂ-
കീടുന്നതോർക്കുന്നു ഞാൻ.

4

അല്ലേ! സൽസുകൃതാഞ്ചിതാമലതനോ!
സാരസ്വതോദ്യോതിനീ!
ചെല്ലാതുള്ളുലകില്ല നിന്നുടെ പുകൾപ്പാൽ
വെൺകതിർക്കുന്ദളം!
തെല്ലൊന്നോർക്കുക താവകീനതനു സം-
സ്പർശം പെടാതുള്ളനൽ
ചൊല്ലാർന്നുള്ള ബുധേന്ദ്രർ കേരളതല
ത്തിങ്കൽ ചുരുക്കം തുലോം.

5

ചെറ്റും പാവനി ! കേണിടേണ്ട, മഹിതേ !
നീയെത്ര തങ്കക്കുടം
പെറ്റു, പിന്നവിടേയ്ക്ക് ഭാവിയഴലി -
ന്നായിട്ടുരീർന്നീടുമോ ?
തെറ്റെന്നാർന്ന വിധിക്കു വീഴ്ച്ചയിടപെ -
ട്ടീലെങ്കിലും, ദേവി ! കേൾ !
പറ്റാ പാരിലനന്ത ദുഖമുപകാ -
രം തന്നെ ചെയ്യോർക്കയേ !.

6

തീർന്നില്ലിപ്പുരുലോകസേവയിതു തീ-
ർന്നാലനന്നണഞ്ഞീടുമ -
ങ്ങൊന്നൊന്നായി വരും തുടർന്നു പിറകെ

ദൈവാനുരൂപം ഗുരോ!
അന്നദേവസഭയ്ക്കു നിത്യപതിയായി
കാണാമിവർക്കങ്ങുവ -
ന്നുന്നിദ്രാഭമിരിക്കു മങ്ങയെ, യിതാ-
ണൊന്നിന്നൊരാശ്വാസമായി.

7

പിച്ചക്കാർക്കൊരു കൽപകം, സഹൃദയ
ൻമാർക്കന്യശാകുന്തളം
സ്വച്ഛന്ദം പ്രവചിച്ച ധർമ്മനിരത
ന്മാർക്കേക വേദം പരം
ഉച്ചജ്ഞാനപദോപസേവകനനാ-
യാസേന സംദൃശ്യമാം
സച്ചിന്താമണി മന്ത്ര ദേവത- മറ
ഞ്ഞെങ്ങോ, മുധാരോദനം.
—കെ.ജി കേശവപ്പണിക്കർ, തിരുവല്ല

നിത്യാനന്ദം ജനങ്ങൾക്കമിതരുചി ലഭി
ച്ചീടുവാനുള്ള മാർഗം
സത്യത്തിൻ മീതെയൊന്നില്ലിതു മനുജരറി
ഞ്ഞീടുവാൻ നല്ലവണ്ണം
വിദ്യാസമ്പത്തുപാരിൽ പലവിധവുമുറ
പ്പിച്ചു നൽകീർത്തിയേറും
വിദ്വാൻ ശ്രീനീലകണ്ഠ ദ്വിജനതിമതിമാൻ
സ്വർഗ്ഗലോകം ഗമിച്ചു
—ഭക്തൻ നമ്പീശൻ

(പാന)
ചിങ്ങമേ, ഹാ! ചതിച്ചു നീ ഞങ്ങളെ;
ഭാരതഭൂമിതൻ ഗുരുനാഥനേ
വേഗമിങ്ങു ഹരിച്ചൊരു നിന്റെ പേർ
ശ്രാവണമേ ശ്രുവിയ്ക്കവേണ്ടിന്നിമേൽ
ഓണമേ, നീ സുഖത്തിന്റെ പര്യായ-
മിത്രകാലവും; ഞങ്ങൾക്കിനീ മുതൽ
ദുഃഖഭാരാൽ തകർന്നഹൃദയത്തിൽ
നീറിടും വ്രണമായി നീ നിന്നിടും.
സിംഹമാസമേ, പക്ഷെ യീ ക്രൂരത
നിൻ പെരിമയ്ക്കു ചേർന്നതുതന്നെയാം

കൊച്ചരുവിയെ ത്തൊട്ടുതലോടിയും
പൂച്ചെടിയ്ക്കു പൂപ്പുഞ്ചിരിയേറ്റിയും
പുൽക്കൊടിക്കു പുളകം പുലർത്തിയും
പാടമാകെ ക്കനകം വിളയിച്ചും
പുൽക്കുടിലിലു മാഢ്യഗേഹത്തിലു
മൊപ്പമിങ്ങു നൽ സൌഖ്യമരുളിയും
വന്നണഞ്ഞ ശരൽക്കാല മീവിധം
വൻചതി ചെയ്യുമെന്ന്യാ നിരൂപിച്ചോ ?
ലോകമേ, ഇനി കേൾക്കില്ല നിങ്ങളാ-
നീലകണ്ഠ ദ്വിജോത്തമൻ തന്നുടെ
പാരിടത്തിൽ പ്രസിദ്ധി പരന്നൊരാ-
ക്കേകതൻ ചെറുമാറ്റൊലി പോലുമേ.
എൻ ഗുരുവിൻ ഗുണങ്ങളേ വർണിപ്പാ-
നിച്ചെറുപേന തിരെയശക്തമാം;
ലോക ഹൃത്തിൽ പുളകം വളർത്തുമ -
പ്പൂവസന്തം കൊഴിഞ്ഞുപോം കാൽക്ഷണാൽ;
താരകങ്ങൾ മിഴിച്ചു നിന്നീടവേ-
യസ്തമിപ്പൂ കലേശൻ പ്രശാന്തനായ്;
ചെന്തളിർക്കര മേകി ലോകത്തിലെ-
യന്ധകാര പരമ്പര നീക്കവേ
വന്നിറങ്ങിയ കാളമേഘത്തിനാ-
ലാവൃതനായി ദ്വീനേശനെന്നാകിലും
വീണ്ടുമിങ്ങു തെളിഞ്ഞിടാം; ലോകത്തിൽ
മർത്യ ജന്മക്ഷണികത കാട്ടുവാൻ
വീണ്ടുമിങ്ങിവ വന്നണഞ്ഞീടുവാൻ
നോക്കി നിൽക്കും ഭുവനമുൽക്കണ്ഠയാൽ -
ഭാവന കൊണ്ടു മാധുര്യപാനമാം
ഭാവി ജീവിതതൃഷ്ണയ്ക്കു ജീവനം -
ചെന്തളിർപ്പട്ടിടയിൽ കുരുക്കുമ-
ക്കൊച്ചു മൊട്ടിന്റെ സൌവർണ്ണ ഭാവിയെ
കാത്തിരിക്കുന്നതല്ലയോ വണ്ടു തൻ
ജീവിതത്തിന്നൊരാനന്ദ സദ്ദിനം.
വിണ്ടുമിങ്ങുതാൻ വന്നിടുമെൻഗുരു
നീലകണ്ഠ ശിവ ദ്വിജസത്തമൻ
ജ്ഞാന തൃഷ്ണയാൽ വറ്റി വരണ്ടൊരാ -
സ്സാധു വിദ്യാർത്ഥി വൃന്ദത്തിനാകവേ
ജ്ഞാനമാംസുധ കോരിക്കൊടുക്കുവാൻ.

കാത്തിരിക്കുക ക്കാലത്തേക്കാത്തു നാം.
—വിദ്വാൻ;പി.കെ.രാമൻ മൂസ്സതു

“ശുദ്ധാത്മാധീല ഹൃദ്യഃ “കലിത ഗുണഗുണ
സ്സർവ ശാസ്ത്ര പ്രവീണൊ
“ധീരസ്സാരസ്യ” ഭാസ്വദ്വിബുധവര ശിരൊ -
രത്നമുദ്യൽ പ്രഭാവഃ,
“ആശാ ദീവോപിയ “സ്സച്ഛശിവി മലയശാ
നീല കണ്ഠാഭി ധാനൊ
“നിത്യം പൂജ്യ”സ്സമാപാദിത പൃഥുമഹിമാ
ശാശ്വതം സ്ഥാനമാപ
-ഞാറക്കാട്ട് കളരിക്കൽ നാരായണൻ പണിക്കർ

ഈഹാം ബാചരണാരവിന്ദ മധുപൻ
സൌജന്യശാല്യൂത്തമൻ
മോഹന്ധ്യ പ്രണി വാരകദ്യൂവണി ദേ-
വാചാര്യകൽപൻ വശീ
സാഹിത്യാംബുധി പാരഗൻ സകല ശാ-
സ്ത്രജ്ഞൻ സ്വധർമ്മസ്ഥിതൻ
ദേഹം വിട്ടു ദിവംകരേറിയമലൻ
ശ്രീ നീലകണ്ഠദ്വിജൻ
—കെ.വി.ചിന്നമ്മു അമ്മ

കോളംബേ നിത്യപൂജ്യേ ദിനകൃതി ഹരിഭേ
ത്രിംശ ദേകോനമാപ്തേ
പുണ്യേ സൌരസ്യവാരേ ദ്വിതയതിഥിഗതേ
കൃഷ്ണപക്ഷേന്ത്യതാരെ
ആകോകേരേ വിലഗ്നേ ഗുരുരഥദശമേ
സ്വപ്രയാതേഥ മന്ദേ
സ്വർയ്യാതോ സർവ്വവിദ്യാജലധിരധി ഗുണോ
നീലകണ്ഠോ ഗുരുർമ്മേ.
ജ്യോത്സ്യൻ, കെ.എം.അച്ചുതനെഴുത്തശ്ശൻ.

ഗുരുവായുപുരാധീശ!
പരമാത്മൻ ദയാനിധേ!
പരേതം നീലകണ്ഠാഖ്യ-
ദ്വിജം ത്രായ സ്വപണ്ഡിതം
—ടി ശങ്കരൻ നമ്പിടി, ഗുരുവായൂർ

പേരാണ്ടാ നീലകണ്ഠാ ഹ്വയ സകലകലാ
നാഥനസ്തം ഗമിയ്ക്കെ
പാരം പാർത്തട്ടിതാർന്നൂ നിരയനില, സ-
ദാചാരമന്നേ നടന്നൂ.
ഛാത്ര സ്നേഹം നശിച്ചു, സുമഹിത സുരഭാ-
ഷയ്ക്കുവൈധവ്യ ദു:ഖാം -
ഭോരാശിക്കുള്ളിലായ്പ്പോയ് വസതി, ഹതവിധേ!
നിൻകടുംകയ്യുഘോരം.
മിലിട്ടറി - കെ.പി .മൂസ്സത്

പാരിടത്തിലഖിലം സ്വകീയമാം
ചാരുകീർത്തി വിഭവം പരത്തിയോൻ
സൂരിമൌലി വിമലൻ തപോധനൻ
നീലകണ്ഠഗുരു പാർവെടിഞ്ഞുപോയ്
—എ. കുഞ്ഞഹമ്മത്.

-----------

യൽകർത്തും ഭുവമാഗതോ ബുധഗുരു:
ശ്രീനീലകണ്ഠാഭിധോ
ധീരഃസൽ പ്രഭു' മിത്ര, ആത്മദകൃപോ
യ'ശ്ചന്ദ്രമാഃ,സദൃശി
തൽകൃത്വാ ദിവമേവ സോദ്യ ഉഗത:
'കോലംബ, ഇത്യൽകടം
ശ്രീ മൽസാഹിതി! ദേവ!മാധിമാധിഗാ
ദൈന്യം കലൌകസ്യ ന.
-സി. കുഞ്ഞുണ്ണി എഴുത്തശ്ശൻ .

-------------

വിദ്വന്മാനസ രാജഹംസനമലാ
ചാരപ്രകാശാത്മകൻ
സത്യാർത്ഥ പ്രതിപാടകൻ ഗുരുവരൻ
ശ്രീനീലകണ്ഠദ്വിജൻ
തത്വജ്ഞോത്തമനത്യുദാരചരിതൻ
ഗാത്രം വെടിഞ്ഞെന്നതോ
ത്തെറ്റം കേഴുമാ മർത്ത്യഭാരതിയെ ഹാ
ശാന്തിപെടുത്തവതോ

2

കാരുണ്യംബുധിയിശ്ശിവാദ്വിജശിരോ

രത്നം പരാർത്ഥത്തിനാ
യിതിരാനാശ്രിത ശിഷ്യ സന്തതികളെ
ശ്ശിക്ഷിച്ച ശാസ്ത്രങ്ങളിൽ
പോരാദേശികദീർഘദർശി വസുധാ
വാസം സുഖോദർക്കമാ
യ്ത്തീരട്ടെ സുജനത്തിനെന്ന കരുതി
സ്ഥാപിച്ച വിദ്യാലയം

3

ദേശംതോറുംമമേയ വൈദുഷിയെഴും
ശിഷ്യ പ്രകാണ്ഡങ്ങളെ
സ്വാശിസ്സേറ്റിയ മോഘശ ക്തി മഹിതൻ
കീർത്തിദ്ധ്വജാഢ്യങ്ങളായ്
ആശാന്തങ്ങളിലും പ്രസിദ്ധി പെരുകും
വണ്ണം പ്രതിഷ്ഠിച്ച താ
നീശൻതൻ പടമങ്ങണഞ്ഞു ജനിസാ
ഫല്ല്യത്തൊടിദ്ധാർമ്മികൻ
-ശിരോമണി ,വി .ശ്രീദേവിഅമ്മ

ജ്യോതിശാസ്ത്ര പ്രവീണഃപൃഥ്യുതരയ സാ
ശോഭിതാ ശാന്തരാളഃ
ശാസ്ത്രാദ്യദ്ധ്യാപനേഷു പ്രകടിത പടുതാ
മോദിതനേകശിഷ്യഃ
വർണ്ണീ വ്യാഖ്യാനകർത്താ വിബുധവരഗുരു
ർനീലകണ്ഠാഭിധാനൊ
മേധാ ശുദ്ധാങ്ഗദീപഃകലിത ബഹുപദഃ
പുണ്യലോകം പ്രപേദേ
-കെ.പി.അച്യുതപൊതുവാൾ

പാരിൽ കാമാദിഷഡ്വൈരികളുടെ വലുതാം
സഖ്യമാർന്നാചരിപ്പാൻ
പ്രേരിപ്പോരാന്ധ്യലോക പ്രകൃതിയെ വിട്ടവി-
ച്ചാത്മബോധം വരുത്തും
സൂരി ശ്രേണിക്കു രാജിപ്പൊരു തൊടുകുറിയായ്
മേവിയുള്ളോരുപുന്ന-
ശ്ശേരി ശ്രീനീലകണ്ഠാഭിധന സുരജനാ

രാതി ലോകത്തിലെത്തി
-സി .പി . കോരുക്കുട്ടി വൈദ്യർ

ആർഷ വിജ്ഞാനസർവ്വസ്വനിക്ഷേപമണിഭാജനം
നീലകണ്ഠാഭിധം ഹന്ത! കാലചോരസമാഹൃതം

-വൈദ്യ വിശാരദൻ, പി.കെ.രാമുണ്ണി മേനോൻ.

---------

സർവ്വാംഗം ഭൃതി ചാർത്തും സകല ശുഭകരൻ
ഭദ്രരുദ്രാക്ഷ കണ്ഠൻ
നിർവ്വൈരൻ ഹന്ത! സർവ്വജ്ഞതയെഴുമഖിലാ
രാദ്ധ്യനാം നിഷ്കളങ്കൻ
പൂർവ്വാചാരാദ്യഭിജ്ഞൻ വിബുധജനനുതൻ
നീലകണ്ഠാർയ്യ ശർമ്മാ
ജ്യോതിർന്നേത്രൻഗമിച്ചു ദിവമവനി വനീ-
തുല്യയായ് തീർന്നു പോയി.

-വൈദ്യൻ, മൂരിയിൽ വാസുദേവൻ നമ്പീശൻ

------------------

കണ്ണേ നീ നീരിലാറാടുക ഗുരുവരനാം
നമ്പിയങ്ങുന്നിദാനിം
വിണ്ണേറിപ്പോയ് മഹാസങ്കടജലധിയിലാ
പ്പെട്ടു ലോകങ്ങളെല്ലാം
കണ്ണീരും കയ്യുമായി ത്രിദിവനിലയവാ
ണിക്കുമേലെന്നു മയ്യോ
വാണീടാറായിയല്ലോഹത വിധികനിവ -
റേറാരു രക്ഷസ്സു തന്നെ.

-സി. ചന്ദ്രശേഖരൻ, പുതുക്കാട്

-------------

നിലയനമമരാണാം ചാപലൈഃ സ്വൈർവിഷണ്ണം
കലയിതുമതി വേലം ശ്രദ്ധധാനം പുരാണാം
ത്രിതയമദഹദേകോ യസ്തുസർവജ്ഞ മൗലി -
ർമ്മദനമദനിഹന്താ നീലകണ്ഠസ്സപായാൽ.
തെക്കില്ലത്ത് നാരായണൻ മൂസ്സത്.

--------------

ഗുരുനാഥനനന്ത കീർത്തിയാമ_
പ്പുരുഷാഗ്ര്യൻ - മതി ഭുലികേ! പ്രയത്നം
അരുളാനിനി, യക്ഷിയിങ്കലല്ലേ

മരുവുന്നു പരിതപ്തതപ്തബാഷ്പം.

2

വര പണ്ഡിതമണ്ഡലം സ്വവിദ്യ-
യ്ക്കുരകല്ലാക്കിയിരുന്നതാരെയാണോ
സുരഭാരതി, കേളിശൈലമായി-
ച്ചിരനാളോർത്തതുമേതുധന്യനേയോ.

3

ഹതജീവനതപ്തർ - അക്ഷരവിദ്യാ-
മൃതതർഷാകുലർ - നമ്മൾ - ബാലകന്മാർ .
ബത - നിത്യവുമോർത്തിരുന്നതാരെ -
സ്സതരാമക്ഷയ സൽപ്രപാളിയായി.

4

അകളങ്കകലാവിലാസി,യീ ഹാം -
ബികതൻ പാദസരോജരാജഹംസം
തകരുന്നിതു ഹൃത്തു- കർക്കശത്വ-
ത്തിക വോർത്താൽ സ്മരണേ നിനക്കു മാത്രം.

5

തിരുവോണമകന്നു -മർത്ത്യരെല്ലാ-
വരുമുത്സഹവിഹീനരായ് ഭവിച്ചു
പുരുസങ്കടകാളമേഘജാലം
പെരുകീ കേരളഭാഗ്യ സന്നഭസിൽ

6

മമദേശികൻ - അല്ല, കേരളാഖ്യ-
ക്ഷമതൻ വിദ്വദനർഘദേശികേന്ദ്രൻ.
സുമനോമണി നീലകണ്ഠദേവൻ
യമനാൽ ഹന്ത! നിബദ്ധനായി പോലും

7

നലമായ് പ്രിയവാണി,യിമ്പ്ച ധാളീ -
കുല മാലാമണിയിൽ ദൃഢാനുരാഗം.
കലരുന്നതു കണ്ടുകണ്ടസൂയാ -
കുലനായ് തൻതല കൊയ്തുവോ വിധേ;നീ.

8

ക്ഷതിതന്റെ ശിരസ്സിനേകി, ദിവ്യ
ശ്രുതി സർവ്വജ്ഞനുദാര നീലകണ്ഠൻ.
അതിനാൽ പകപൂണ്ടു ചെയ്തതാം ദു
ഷ്കൃതിയേവം വിധി, തൽ ഗുണാഭിധങ്കൽ.

9

അതികർക്കശ പാണിനീയവും, സാ-
ഹിതിയേക്കാളുമഹോ രസാർദ്രമായി.
മതിമോദകരം പഠിച്ചിരുന്നു
കൃതിയാമഗ്ഗുരുവിങ്കൽ നിന്നുനമ്മൾ

10

സുമഹത്തര കാവ്യശാസ്ത്രഗേഹോ,
ത്തമഫാലസ്ഥലസദ്വിഭൂതിജാലം,
വിമലാ മരവാണി ദേവി തൂകും
കമനീയ സ്മിതരേഖ പോലെ മിന്നി.

11

കളഭാഷണരീതി സാത്വികശ്രീ
വിളയാടുന്ന മനോഹരാസ്യപത്മം.
കളവറ്റ നിഗൂഢ കാവ്യസാരം
വിളയും നൽഖനിയാമഗാധചിത്തം.

12

നലമാർന്ന വിഭൂതിരമ്യരേഖാ -
മലഗംഭീര വിശാല ഫാലദേശം
പല പണ്ഡിത പുംഗവാഢ്യരേയും
തല കുത്തിച്ച കുശാഗ്രതീക്ഷ്ണ ബുദ്ധി.

13

സുരഭാരതി മൂർദ്ധനിചേർത്തുകൂപ്പു -
ന്നരവേറും പരിപൂത പാദുകങ്ങൾ .
ഹരനുത്തചലൽ സുരസ്രവന്തീ-
തരളോത്തുംഗ തരംഗ വാഗ്വിലാസം.

14

അതനുപ്രഭയാർന്നു വിശ്വനാഥാ -
മൃതപാദാംബുരുഹം വരിഞ്ഞുകെട്ടാൻ.
ഉതകുംപടി കമ്രകണ്ഠദേശ-

സ്ഥിതരുദ്രാക്ഷ സുവർണ്ണമിശ്രമാല്യം.
15
വരശിഷ്യരിലേറിട്ടുന്ന വിശ്വോ -
ത്തര വാത്സല്യമിണങ്ങിടും കടാക്ഷം.
പരമെന്തരുളാൻ - ഇതൊക്കെമേലിൽ
കരളിൽ കാണുക താൻ നമുക്കുസാദ്ധ്യം.
16
ജിതരോഗവിശിഷ്ട വൈദ്യമല്ല -
ത്തുതമാം ജ്യോതിഷ, മല്ല ശാസ്ത്രമെല്ലാം.
ഹൃതനൈജഗൃഹങ്ങൾ - മേലിൽ വാസോ -
ചിതമായുണ്ടിടുമാരുതൻ ഹൃദന്തം.
17
കമനീയ കലാനികേതമേ! സ-
ത്തമ വിദ്യാർത്ഥികളേ! നിലിമ്പവാണി!.
മമ കൈരളി ! ഹാ! കരഞ്ഞുകൊൾകാ-
വിമലൻ നമ്മുടെ നാഥനസ്തമിച്ചു.
18
ഗുരുനാഥ! നമോസ്തു ഞാനൊരല്പൻ
ഗുരുഗംഭീരപയോധി, തേ മഹത്വം.
കരുതേണ്ട കടക്കുവാൻ - ശിവൻ താ-
നരുളട്ടാത്മനി ശാന്തി! ശാന്തി! ശാന്തി!
ഹരിപ്പാട്ടു -ഗോവിന്ദപ്പിള്ള.
---------------------
( കേക )
ഹന്ത! മദ്ഗുരുപാദർ - അപ്പുറം കുറിക്കുവാ-
നെന്തു ചെയ്യേണ്ടൂ ഹാ! ഹാ!നില്പീല തപ്താശ്രുക്കൾ
ശൂന്യമായന്ധകാരാവൃതമായ് ചമഞ്ഞു പോയ്
മാന്യനാം ഗുരുദേവർ വിട്ടു പോയൊരീ ലോകം
പൊന്നോണമണഞ്ഞിട്ടുമെന്തഹോ വർഷാദേവി
ഖിന്നയായവസരമാഹാത്മ്യം മാനിക്കാതെ
സന്നതയാർന്നു കണ്ണീർ തൂകിരോദിപ്പാൻ മൂല-
മെന്നുള്ളൊരെൻ ജിജ്ഞാസ ശമിച്ചു സുവ്യക്തമായ്
ഭാവിതൻ ഗർഭകോശത്തിങ്കലെ കാര്യം പോലും
ദേവകൾ കാലേക്കൂട്ടിയറിയുന്നവരല്ലീ
ശ്രീ നീലകണ്ഠശർമ്മാ നിർവ്വാണം പ്രാപിക്കയാൽ
ശ്രീലന്മാരാദ്ധ്യന്മായോരു പുണ്യാത്മാവും
ആദർശദൃഢനിഷ്ഠ പൂണ്ടൊരു തത്വജ്ഞനും

Volume 2 Issue 1
1

വേദശാസന ലംഘിക്കാത്തോരു ധർമ്മിഷ്ഠനും
കാവ്യസാഗരമൊന്നായ് കുടിച്ചൊരഗസ്ത്യനും
ദിവ്യത പൂണ്ടന്നോരു ദൈവജ്ഞപ്രവീണനും
പാണിനിമുനികൂടി പാണികൾ കൂപ്പിടേണ്ടും
പാണ്ഡിത്യധുരംധരനായൊരു ശാസ്ത്രജ്ഞനും
സാഹിത്യമർമ്മം ഗ്രഹിച്ചുള്ളൊരു കവീന്ദ്രനും
സാധുരക്ഷണ ശീലനാമൊരുദയാലുവും
നഷ്ടമായ് നമുക്കയ്യോ! നികത്താൻ കഴിയില്ലീ
നഷ്ടമിന്നൊരാളാലും മാനവലോകത്തിങ്കൽ
ശ്രീതാവുംപുകൾപ്പട്ട നെയ്യുന്ന സാരസ്വതോ -
ദ്യോതിനീനാമം കോലും പട്ടാമ്പി വിദ്യാലയം
കൈരളീ ഭക്തന്മാർക്ക ഭജിപ്പാൻ പുണ്യ ക്ഷേത്രം
കൈരളീ ദേവിക്കെഴും നൽക്കളിപ്പൂങ്കാവനം
ഈമലർത്തോപ്പിൽ നിന്നും വെളിക്കു മന്ദം മന്ദം
ഉമധുതളിച്ചെത്തും തൈക്കുളിർ പൂങ്കാറ്റുകൾ
എന്മാതൃഭാഷയ്ക്കേലുമാലസ്യഭാരം നീക്കി
കോൾമയിർക്കൊള്ളിക്കുന്നു പ്രത്യംഗം പ്രതിദിനം
ആ കാര്യക്ഷമതയും, ആ ദീർഘദർശിത്വവും
ആ കർമ്മപടുത്വവും ,ആ വാണീവിലാസവും
ആ യാത്മവിശ്വാസവും, ആ ധർമ്മ പ്രസക്തിയും
ആ യാർഷസംസ്കാരവും ഹാ വെറും കഥയായി
ഞങ്ങൾതൻനയനങ്ങൾക്കമൃതാഞ്ജനസ്സത്തായ്
ഭംഗിയിലൊളിവീശിത്തെളിഞ്ഞ ഭവദ്രൂപം
ഭൌതിക പദാർത്ഥത്തിലുൾച്ചേർന്നെങ്കിലുമസ്മൽ -
ഭാവനാമുകുരത്തിൽ ബിംബിപ്പൂ സജീവമായ്
കാലവാർദ്ധിയിലാണ്ടു ഞങ്ങളും യഥാകാലം
കാലസാമ്രാജ്യത്തിലെ പ്രജകളായീടിലും
ഭാവൽക്കപ്പുകൾപ്പട്ടിൽ നിന്നൊരു നൂലുപോലും
ഭേദിപ്പാൻ കാലത്തിനും കാലനും മേലാന്നൂനം
പ്രകൃതി പ്രമേയങ്ങൾക്കൊന്നിനും നിരോധാജ്ഞ
നൽകുവാൻ നമുക്കാർക്കും ശക്തിയില്ലല്ലൊ തെല്ലും
അങ്ങയെക്കുറിച്ചുള്ള പാവനസ്മരണകൾ
ഞങ്ങളിൽ നിത്യം പുത്തൻ ചൈതന്യം വളർത്താവൂ.
ചെറുവണ്ണൂർ അപ്പുക്കുട്ടൻ നായർ
------------------
പുന്നശ്ശേരീത്യഖിലവിദിതാദുത്ഥിതഃ ക്ഷീരരാശേഃ
ഗോഭിർഭിത്വാ നിരുപമതമോ ദർശയൻ സൽപദാർത്ഥാൻ

സന്മാർഗ്ഗേ യസ്സുരുചിര കലാവല്ലഭോലം വ്യരാജൽ
സോഗാദസ്തം വിധുരിതകലിശ്ശുദ്ധിമദ്ധേലി ദീപീ.
എം.കെ. എളയത്.
---------------
ഗീർവ്വാണ ഭാഷേ! തവ നല്ല കാലം
കഴിഞ്ഞു, വീണ്ടും മൃതസംജ്ഞയായ് നീ
പട്ടാമ്പിയിൽ തെല്ലിരുളാർന്നു, നാട്ടാ-
ർക്കാചാര്യനാ പണ്ഡിതമൌലി പോയി.
പി.വി.നാരായണൻ ചാക്യാർ .
-------------
ആ ഹന്ത! പൊന്നോണ മഹോത്സവത്തിൽ
പൂമച്ചിലന്ന " ന്തിയുറങ്ങി " ടുമ്പോൾ
ഉണർന്നതെന്തിന്നിവനീ ദുരന്ത -
വൃത്താന്ത കാകോളമശിക്കുവാനോ?
2
തഴച്ചതൻ ദിവ്യ മഹാമഹസ്സാൽ
തമസ്സകറ്റിത്തെളിവേകിടുന്നോൻ
തലേന്നമാശാമുഖപങ്കജത്തിൽ
തങ്കക്കതിർച്ചാർത്തണി ചാർത്തിനിന്നോൻ
3
ആചാര്യസൂര്യൻ ഭുവനൈകദീപം
ആര്യാത്മ സംസ്കാരമണിപ്രകാണ്ഡം
അകാലമേഘാക്രമണത്തിൽ .- ആഹാ
മന്നാകെയെൻ കണ്ണിനിരുണ്ടതായി
4
വിശുദ്ധസാരസ്വതവാഗ്വിലാസാൽ
വാചസ്പതിക്കും പുളകം പുലർത്തി
ലസിച്ച പുണ്യർഷി; വരിഷ്ഠകർമ്മ -
ക്ഷേത്രത്തിനൊറ്റത്തെളിവുറ്റതാരം
5
ശ്രീകണ്ഠ ഭക്തപ്രവരാവതംസ -
ശ്രീകൊണ്ട സംസാരവിഭൂതിപുഞ്ജം
ശ്രീ നീലകണ്ഠദ്വിജതീർത്ഥപാദർ...!!
ഈ നമ്മളെന്നും ഹതഭാഗധേയർ
6
മറഞ്ഞു രുദ്രാക്ഷമണിഞ്ഞിടേണ്ട -
ഗളം, വിഭൂതിക്കു വിഭൂഷയാകും

ലലാട, മാ നേരിയ പാവുമുണ്ടിൻ-
ജനിക്കു സാഫല്യമണച്ചമെയ്യും.

7
ആ മുഷ്മികാദ്ധ്യാത്മിക ഭാരതീയ -
ചരിത്രചാരിത്രപവിത്രമച്ചിൽ
അണഞ്ഞ ദിവ്യപ്രഭമേലിലേതു
മണിപ്രദീപംതെളിയിക്കുമാവോ?
8
അല്ലെങ്കിലാകാശവിശാലഫാല -
സ്ഥലത്തിലോമൽ തിലകാഭമെന്നും
ശരത്തി, ലന്തിയ്ക്കണയാതിരിക്കി -
ല്ലദ്ദേഹമസ്മൽ ഗുരുപൂജ്യപാദർ
9
അല്ലെങ്കിലല്ലിന്നലയാഴി നീന്തീ-
യന്നന്നു കമ്രദ്യുതിയേന്തിയെത്തും
ആദിത്യനോതീടുകയല്ലി- "വീണ്ടു -
മാചാര്യനിങ്ങോട്ടെഴുനള്ളു" മെന്നായ് .
10
കദനമിതു കരിക്കുമെൻ കരൾ -
ക്കൊടി, കുറവറ്റിനിയും കുരുക്കുവാൻ
" മറയുകിലുമുദിക്കു"മെന്നു മാ
മറ യരുളും മൊഴി മാത്രമാശ്രയം.

വ്യാകരണ ഭൂഷണം, എൻ.ഡി.കൃഷ്ണൻ ഉണ്ണി .
-----------

അസ്മാദൃശാചാര്യ,നതീവ വന്ദ്യൻ
ശ്രീ നീലകണ്ഠാവനിദേവവര്യൻ
സ്വശിഷ്യരാം ഞങ്ങളെയും വെടിഞ്ഞു
ഹാ! ശേഷമെന്തുര ചെയ്യുമീ ഞാൻ

2
ഗീർവ്വാണവാണീ പ്രചുരപ്രചാര -
മണച്ചതീയൂഴിയിലേതൊരാളൊ
നിളാസരിത്താരുടെ ദിവ്യമാകും
ഭവ്യാപദാനം ബത ! പാടിടുന്നു .
3
സാരസ്വതോദ്യോതിനിയെ -സ്വകീയ-

വെന്നിക്കൊടിക്കൂറയെ-യാരു നാട്ടി
സരസ്വതീലാസ്യ രസജ്ഞനാകും
''വാചസ്പതി '' ക്കും ഗുരുവേതൊരാളോ

4
വിജ്ഞാനതൃഷ്ണക്കടിപെട്ടു പാരം
വരണ്ടു കേണീടിന തൊണ്ടതോറും
വാരുറ്റൊരത്തുവമൃതം പകർന്നു
വന്നുള്ളതാ മൽഗുരുനാഥ ചന്ദ്രൻ

5
സാഹിത്യമാം മോഹനസൽസരസ്സിൽ
കളിച്ചുമേവീടിന രാജഹംസം
ശാസ്ത്രങ്ങൾ തൻവന്നലയാഴിയെല്ലാം
കടഞ്ഞൊരാ മന്ദരമാം ഗിരീന്ദ്രൻ

6
ജനങ്ങൾ തന്നുൾത്തളിരിൽ പ്രകാമ -
പ്രമോദദം, സംസ്കൃതമേറെ രമ്യം
ആ നീലകണ്ഠദ്വിജസത്തമൻ തൻ
കേകാരവം ഹന്ത ! നിലച്ചുപോയി!!

7
പ്രസന്നമാമ മുഖപങ്കജത്തിൻ
പ്രഫുല്ലമായീടിന ദീപ്തിപൂരം
ഭസ്മത്രിപുണ്ഡ്രാങ്കിതമായ ഫാലം
രുദ്രാക്ഷമാല്യാവൃതമായ കണ്ഠം

8
സ്വശിഷ്യവാത്സല്യകഷായി തങ്ങൾ
ആ നീണ്ടിടംപെട്ട വിലോചനങ്ങൾ
സമസ്ത ചേതോഹരമായ് തുളുമ്പി
വഴിഞ്ഞിടും വാഗമൃതപ്രവാഹം

9
ഒരേവിധം സർവ്വരിലും കലർന്ന
കാരുണ്യ, മാഡംബരഹീനഭാവം
''ഈഹാംബികാ'' ഭക്തിവിലാസ സാരം
ഇതൊക്കെ നമ്മൾക്കിനിയോർക്ക മാത്രം

10
എൻദേശികാത്മാവണി വിണ്ടലത്തിൽ
ഉൽക്കൃഷ്ടമാം താരകമായ് ചമഞ്ഞു
രാവിന്നിരുൾച്ചാർത്തിലലഞ്ഞു കേഴും

മർത്ത്യർക്കു ഹാ! നേർവ്വഴി കാട്ടി നില്ക്കും
സാഹിത്യശിരോമണി, കെ.നീലകണ്ഠൻ നമ്പീശൻ.

( കേക )
അന്നത്തെ പ്രഭാതവും, നിർന്നിമേഷമായ് തെല്ലു
നിന്നുവെന്നാലും മ്ലാനചിന്തകൾ കലർന്നേറ്റം
എന്നുമുത്സവംകൊള്ളും മാരുതൻ കളിക്കൂട്ടായ്
വന്നനേരമേ മുന്നെ പോലവേ കിളിക്കൊഞ്ചൽ
ചിന്നിയും തുടുത്തോരു പുഞ്ചിരിക്കതിർ വീശി
മിന്നിയും ലസിക്കുന്ന സൌഭാഗ്യപൂർണ്ണം വീണ്ടും
എങ്കിലും കൂടെക്കൂടെ നീരദാം ശുകത്താലെ
ഛന്നമാക്കിയും തന്റെ മോഹനം മുഖബിംബം
പുൽക്കൊടിത്തുമ്പോരോന്നിൽ കൂടിയും മുഖം താഴ്ത്തി
യെന്തിനായ് കണ്ണീർ വാർത്തു നിശ്വസിച്ചീടുന്നു നീ
ദുർവ്വാര ദുർഭാഗ്യത്തിൻ പാരമ്യമല്ലോ നിദ്രാ-
ധീനമാം ലോകത്തിന്റെ ഭാവുകമുഖത്തിങ്കൽ
ചെന്മഷിച്ചായം തേച്ച, ഭാവിസൂചകമേതോ
ഘോരമാംവിപത്തിന്റെ ചിഹ്നമേ,കാൺമൂ മുമ്പിൽ
അന്തിയോടടുത്തപ്പോളിക്കഥയെല്ലാം വീണ്ടും
പൊന്തിവന്നിതു ദൃഷ്ടയാഥാർത്ഥ്യമെന്നായ് കഷ്ടം
എന്തു ഹാ! ഞെട്ടീടുന്നു കേരളക്ഷമേ! നീയി-
ന്നക്ഷമം കൂപ്പും ചാരുപാണികൾ വിറകൊൾവൂ
അന്ധമാം നൈരാശ്യത്തിൻ പാഴിടിത്തീയെ മുറ്റ-
മിക്ഷണം കെടുത്തിടാൻ യത്നമോ കണ്ണീരാലേ ?
കേൾപ്പതെന്തയ്യോ! ചുറ്റും മാറ്റൊലി പരത്തുന്ന
ദുസ്സഹം ധർമ്മാസക്തസത്തയിൽ ദീനാ ലാപം
ദുർവ്വിധിക്കെഴുന്നോരു കാലുഷ്യമെല്ലാമൊത്തീ
യുർവ്വിയെയടക്കീടാൻ കോപ്പിട്ടു കൂത്താടുന്നോ?
ആർഷസംസ്കാരത്തിന്റെ രാജധാനിയിൽത്തന്നെ
രോഷമോടവർ കൈ' വെച്ചാദ്യമേ നശിപ്പിച്ചു
എന്നല്ലകുന്നിച്ചോരു വൈഭവം വിളഞ്ഞീടും
സാഹിതീ ഭണ്ഡാഗാരം സാഹസാൽ കവർന്നല്ലോ
ശുദ്ധാന്തരമ്യം സ്വച്ഛജീവിതലാളിത്യത്തിൻ
ശുദ്ധാന്ത: പുരംവിട്ടു പാംസുല സ്പർശത്തിന്റെ
ഭീതിയാൽ നാകംപൂകി നിശ്വസിച്ചീടാൻ "ഹംസ"
നിർമ്മലാംഗികൾ വർഷയോഷമാർ തിലകങ്ങൾ

എന്തിന്ന _ കരഞ്ഞീടാൻ നമ്മെയെല്ലാമെ വിട്ടു
ശാന്തനായ് പുന്നശ്ശേരിനമ്പിയും വിണ്ണേറിനാൻ
അത്തപോധനൻ വാണ പാവനാശ്രമം ഭക്ത-
സത്തമൻ ഭജിച്ചോരാ ഭാരതീധാമം താനും
നോക്കുവിനതാ കാണ്മൂ, വന്മരങ്ങളും വല്ലീ-
ജാലവും ,സുമ ലീലാഭംഗിയും വിഹഗങ്ങൾ
ളുകിടും കളഗാനകന്ദളമിവയെല്ലാ-
മാർന്നുഹാ ലസിക്കുന്ന കുന്നിന്റെ പാർശ്വത്തിങ്കൽ
താഴെയായ് പച്ചപ്പട്ടു നീളവേ വിരിച്ചുള്ള
കോമളശ്രീതാവുന്ന വിസ്തൃത ക്ഷേത്രത്തിന്റെ
മുന്നിലായ് ഭക്ത്യാ നമ്രം ഭാരതപ്പുഴയെന്നും
സ്തോത്രങ്ങളർപ്പിക്കുന്നതേതൊരു പദതാരിൽ
അദ്ദിവ്യവിദ്യാപീഠം - ഈ ശിഷ്ട ചരിതന്റെ
ശാശ്വതം യശസ്തംഭം ലാലസിക്കട്ടെ നീണാൾ
-വി.കെ. മൂത്തത് ബി.എ. ബി.എൽ, വെച്ചൂർ .

പുരുതാമസബാധയാറ്റുവാൻ
പരമപ്രേരിതനാം മഹാശയൻ
ഗുരുനാഥനുമന്തരിച്ചു ഹാ!
സുചിരോദ്ദീപ്ത മഹസ്സണഞ്ഞു പോയ്
2
നിറയും മിഴിനീർ തുടച്ചിടാം;
പലതും ഭൃതചരിത്രമോർത്തിടാം;
കരൾ വെന്തു കഴിഞ്ഞു കൂടിടാ-
മിരുളിൽ ത്താനിനി മാഴ്കയേ ഗതി!
3
മധുരസ്മിതമാർന്ന മാനസ-
സ്ഥിതി കാണിച്ചിടുമാമുഖാംബുജവും
സ്മൃതമാമിനി ശിഷ്യ സൌഹൃദം
കളിയാടുന്ന ദൃഗഞ്ചലങ്ങളും
4
ദിവസംപ്രതി കാല്യവേളയിൽ
ഭസിതാലേപവിശുദ്ധഗാത്രമായ്
വിലസും ഗുരുരൂപമോർത്തിടാം
വരരുദ്രാക്ഷസുമാല്യഭൂക്ഷിതം.
5
പരിശൂന്യഗുരു സ്ഥലങ്ങളിൽ

തിരിയും ശിഷ്യജനങ്ങളെന്നപോൽ
നെടുവീർപ്പൊട്ടു ചുറ്റിടുന്നു ഹാ!
കരുണം തപ്തശരൽസമീരണൻ.
6
ദിവസങ്ങളതീവസങ്കടം
സഹിയാതന്ത്യവിയോഗവേളയിൽ
ഇരുളിന്നിതു, ധാരധാരയായ്
മിഴിനീർവാർത്തു കരഞ്ഞിടുന്നുതേ.
7
മണലിൽ കരുണം സദാ കിട-
ന്നരുളുന്നു 'നിള' ദീനദീനയായ്;
പരിതഃസ്ഥലസീമയിൽത്തുലോ-
മുയരുന്നു പരിദേവനാരവം.
8
അതിചിന്തകലർന്നു നിശ്ചലം
നിലകൊള്ളുന്നൊരു ഭ്രൂരുഹോൽക്കരം
ചിലപോതു പൊഴിപ്പൂനീർക്കണം
ദലനേത്രങ്ങളിൽ നിന്നനർഗ്ഗളം
9
കുളിയും ജപവും തുടർന്നൊര -
ഗ്ഗുരുവെ ബ്രാഹ്മമുഹൂർത്തമാവുകിൽ
പതിവിൻപടി കണ്ടിടായ്കയാൽ
കരയുന്നുണ്ടു വിളർത്ത രാവുകൾ.
10
അതിബാഷ്പപരിപ്ലുതം സദാ
വിലപിച്ചീടിലുമാമുഖാംബുജം
ഇനി കാണുകയില്ലൊരിയ്ക്കലും
പുരുവാത്സല്യതരംഗിതേക്ഷണം.
വിദ്വാൻ, കെ. ശങ്കരനെഴുത്തച്ഛൻ.
പാരാവാരസദൃക്ഷശാസ്ത്രനിചയം
ധീമന്ദരത്താൽ മഥി -
ച്ചാരാൽ പൊക്കിയെടുത്ത പണ്ഡിതവരൻ
ശൈവദ്വിജാഗ്രേസരൻ
പോരാ.. ശേഷമുരപ്പതിന്നിവന ഹോ
ഗൈർവ്വാണി നിർജ്ജീവയായി
പാരം ശോകമിയന്നു വീണ്ടുമിനിയും
കേഴേണമെന്നോ വിധി.

- കെ.കുട്ടി അയ്യപ്പൻ ആചാരി

( മഞ്ജരി)

ഭാരത മാതാവിൻ പുണ്യം പുലർത്തിയ
സൂരികളിൽ ദിവ്യദേശികേശ!
കേരളത്തുവിളക്കായി വിളങ്ങിയ
സാരജ്ഞ സാരമാം പാൽകുഴമ്പേ!
അജ്ഞാനചിത്തരാം സോദരവര്യർക്കു
വിജ്ഞാനദായക ചിന്താമണേ!
വിദ്വജ്ജനങ്ങൾക്കു മാതൃകാപൂരുഷ!
വൈദ്യവേദങ്ങളിൽ സാരമൂർത്തേ!
അയ്യോയി ഞങ്ങളെ വിട്ടുഗമിച്ചതോ?
നിര്യാണം ചെയ്തതോ, കാംക്ഷയാലെ
എന്നാണു വീക്ഷിക്ക പാവങ്ങളാം ഞങ്ങൾ
മന്ദഭാഗ്യത്തിൻ നിഴലടിച്ചോർ.
വൈദ്യൻ, കെ.എൻ.രാഘവനണ്ണി.

ശൈവദ്വിജാന്വയമ ഹോദധി ചന്ദ്രമാമെ
ചേതഃ സ്മാരന്മഹിത പാദതലഃ സദാപി
ഈഹാംബികാചരണ കഞ്ജന ചഞ്ചരീകഃ
ശ്രീ നീലകണം ഗുരുരദ്യ കഥാസു ശിഷ്ടഃ
—വിദ്വാൻ, ഏ.ശങ്കരൻ മൂസ്സത്.

കിമദൃശ്യോ മഹാവിദ്യാ -
ലയലീനാന്തരൊ ഗുരുഃ?
കിമു ദൃശ്യോ ജഗത്പ്രാണഃ?
സർവ്വാന്തഃസ്ഥഃ സമീരണഃ!
—എൻ.കുഞ്ഞിരാമ പതിയാർ, ബി.എ

(കേക)

ഏതു ദുഃഖവും ചുടുകണ്ണീരലലിഞ്ഞു പോ-
മേതിലും മായത്തൊന്നാം ഞങ്ങൾക്കിയൊരു ദുഃഖം
'ചിങ്ങമേ' 'ഒരു നൂറ്റിപ്പത്തി'നോടൊന്നിച്ചു നീ
ഞങ്ങൾതൻ ഗുരുവേയും കൊണ്ടു പോയ്ക്കഴിഞ്ഞല്ലോ?
ശ്രീ മഹാബലിദേവൻ പാതാളത്തിലുമസ്തൂൽ -
ശ്രീ മദ്ദേശികൻ 'നീലകണ്ഠ' നാസ്വർഗ്ഗത്തിലും

ചെന്നണഞ്ഞെന്നാകിലും പിന്നെയും വരുമെല്ലൊ
മന്നിൽ ‘മാബലി, വീണ്ടുമുണ്ടല്ലോ തിരുവോണം
എന്നിനിക്കാണും ഞങ്ങൾ ശിഷ്യ വാത്സല്യംകൊണ്ടു -
മംഗല സ്വരൂപനായ് മാറിയോരദ്ദിവ്യനെ;
സൽപ്രേമാമൃത സാരസ് നിദ്ധമാമവിടുത്തെ-
സുസ്മിതമേറ്റേററെത്ര കോൾമയിർക്കൊണ്ടോർ ഞങ്ങൾ
ശുദ്ധഭസ്മത്താൽ വെണ്മ കൂടിയ ലലാട -മാ-
രുദ്രാക്ഷമാല്യത്തിനാൽ ശോഭിക്കും ഗളനാളം;
പൌരാണികാചാര്യർ തൻ വസ്ത്രധാരണം, മൃദു -
സ്മേരത്താലുദ്യോതിക്കും കോമളമുഖ പത്മം;
പാണ്ഡിത്യക്കെട്ടു ഗർവ്വം തീണ്ടാത്ത ഹൃദയം, ഹാ!
മണ്ണടിഞ്ഞു പോയെല്ലാ, മസ്മദാശയോടൊപ്പം!
ഗീർവ്വാണീ ഗളനാള പ്രോജ്വല ഹാരസ്ഥര-
ദ്ദിവ്യസുന്ദര ഹീരതല്ലജം, സർവ്വോൽകൃഷ്ടം!
ആര്യർഷിനാട്ടിൻ പുണ്യ സന്താനം, മനീഷികൾ -
ക്കാര്യനാം ഗുരുനാഥൻ, സൽഗുരോ, ഭവാൻ ധന്യൻ!
കൌമാരത്തിലേ സഭാവേദിയിലേറി ശ്ലാഘ്യ -
നാമത്തെ സ്ഥിരപ്പെടുത്തീടുവാ നാളായ് ഭവാൻ;
രാജവര്യരാൽ സദാ പൂജ്യനാം ഭവാനിൽത്താൻ
രാജിച്ച വാഗ്ദേവിയും ശ്രീയു, മാദരവോടെ
താവകസന്നിധാനമൊന്നിനാൽ സദസ്സേതും
കേവലമ ജ്ഞന്മാരാമീ യുള്ളോർക്കിടം തന്നു
മേലിലെന്തുള്ളൂ ഗതി ഞങ്ങൾക്കിങ്ങ വിടുത്തെ
ലാളനാമധുരമാജീവിത സ്മൃതിയെന്യേ!
സൽഗുരോ, വാനിജ്യോതിർഗ്ഗോളമായ്ത്തീർന്നാലുമി -
ശ്ശിഷ്യരെ മറക്കൊല്ലേ, പാവങ്ങളാണെ ഞങ്ങൾ
മേലിലും ഗുരുനാഥനങ്ങയാണീയുള്ളോർക്കു,
മേലിലും മാർഗ്ഗദർശി നിന്തിരുവടി തന്നെ!
അജ്ഞാനതിമിര ത്താലന്ധരായടിയങ്ങ -
ളല്ലെങ്ങാനും വഴിതെറ്റിയാലപ്പോഴെല്ലാം,
നിന്തിരുവടി മുന്മട്ടുൽക്കൃപാ കാത്തിടേണം
സന്തതമവിടുന്നേ ഞങ്ങൾ തൻ ഗുരുനാഥൻ!.

—എ.ശേഖരൻ നായർ.